SSVP
CENTRAL COUNCIL, ERNAKULAM

# ഉപവി

**സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി**

**എറണാകുളം സെൻട്രൽ കൗൺസിൽ**

**2026 ഫെബ്രുവരി** **നമ്പർ : 205**



# നന്ദി



## റവ.ഫാ. തോമസ് പെരുമായൻ

ഞങ്ങളുടെ ആത്മീയ പാതയിൽ
അച്ചൻ പകർന്നുതന്ന വെളിച്ചത്തിന് ഒരുപാട് നന്ദി.

# സ്വാഗതം



എറണാകുളം സി.സി.യുടെ
പുതിയ ആദ്ധ്യാത്മീക ഉപദേഷ്ടാവായി
നിയമിതനായ

## റവ. ഡോ. ഇഗ്നേഷ്യസ് പയ്യപ്പിള്ളിക്ക്

നമ്മുടെ ആത്മീയ കുടുംബത്തിലേക്ക്
സ്നേഹപൂർവ്വം സ്വാഗതം

ഉപവി

2026 ഏപ്രിൽ ◊ നമ്പർ 205

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി
എറണാകുളം സെൻട്രൽ കൗൺസിൽ
പ്രസിദ്ധീകരണം

*FOR PRIVATE CIRCULATION AMONG THE MEMBERS ONLY*

SOCIETY OF ST. VINCENT DE PAUL
ERNAKULAM CENTRAL COUNCIL
RENEWAL CENTRE, AZAD ROAD
KALOOR, ERNAKULAM

**EDITORIAL BOARD**

Managing Editor
Br. Peter Sebastian

Editor
Br. Johnson Paramban

Members
Br. Bently Thadikkaran
Br. P.A. Martin Roy
Br. Kurian T.C.
Br. Mathachan K.P.
Sr. Angel Pathrose

Printed and Published by
Br. Peter Sebastian
President
St. Vincent De Paul Society
Ernakulam Central Council

Layout & Printed at
St. Louis Printers
Thuruthipuram, Moothakunnam P.O.

ഉപവിയിലേക്കുള്ള വാർത്തകളും ചിത്രങ്ങളും കോൺഫ്രൻസ് പ്രസിഡന്റുമാർ എ.സി. യുടെ പ്രസിഡന്റ് മുഖേന 'ഉപവി ന്യൂസ് ബ്യൂറോ' എന്ന വാട്സാപ്പ് ഗ്രൂപ്പിലേക്ക് അയക്കേണ്ടതാണ്.

**ഉപവി ഇപ്പോൾ വെബ്സൈറ്റിലും ലഭ്യമാണ്**
ssvpernakulam.org





# സ്നേഹത്തിന്റെ ഉത്ഥാനം

**പ്രി**യ വിൻസൻഷ്യൻ സഹോദരങ്ങളേ,

നമ്മുടെ സേവനം പലപ്പോഴും 'ശബ്ദമില്ലാത്ത സുവിശേഷമാണ്'. കഷ്ടതയിൽ കഴിയുന്ന ഒരു കുടുംബത്തിലേക്ക് നാം എത്തുമ്പോൾ, ഒരു രോഗിയുടെ കിടക്കയ്ക്കരികിൽ സാന്ത്വനമേകി പ്രാർത്ഥിക്കുമ്പോൾ, ഒരു കുട്ടിയുടെ പഠനത്തിന് കൈത്താങ്ങാകുമ്പോൾ അവിടെയെല്ലാം ക്രിസ്തുവിന്റെ മുഖം നാം ദർശിക്കുന്നു.

ആ നിശബ്ദ നിമിഷങ്ങൾക്ക് ഒരു ശബ്ദം നൽകുകയാണ് നമ്മുടെ 'ഉപവി'. മൂന്ന് മാസത്തിലൊരിക്കൽ, നമ്മുടെ സേവനത്തിന്റെ വിത്തുകൾ അച്ചടി രൂപത്തിൽ നമ്മിലേക്ക് മടങ്ങിയെത്തുന്നു. ഇതിനെ വെറുമൊരു റിപ്പോർട്ടായി കാണരുത്. മറിച്ച്; ഇത് ദൈവം നമ്മുടെയിടയിൽ പ്രവർത്തിച്ച അൽഭുതങ്ങളുടെയും അതിരറ്റ കരുണയുടെയും തെളിവാണ്, ഇത് സഹോദര സ്നേഹത്തിന്റെ രേഖയാണ്, ഇത് നമ്മുടെ ആത്മീയ യാത്രയുടെ ചുവടുകളാണ്.

മറ്റുള്ളവരുടെ പ്രവർത്തനങ്ങൾ വായിക്കുമ്പോൾ, അത് നമുക്ക് കൂടുതൽ നന്മ ചെയ്യാൻ പ്രചോദനമാകുന്നു. ഒരു ചെറിയ കുറിപ്പ് പോലും ഒരു വലിയ തീരുമാന



ത്തിന് തുടക്കമായേക്കാം. അതിനാൽ ഈ ഉയിർപ്പ് തിരുനാളിന്റെ അനുഗ്രഹദിനങ്ങളിൽ, ഒരു ചോദ്യം നമുക്ക് നമ്മളോട് തന്നെ ചോദിക്കാം: "ദൈവം നമ്മുടെ ഇടയിൽ ചെയ്ത ഈ അത്ഭുതങ്ങൾ നാം ഹൃദയം കൊണ്ട് വായിക്കുന്നുണ്ടോ?"

'ഉപവി' വെറുതെ കയ്യിലെടുക്കരുത്; താൽപര്യത്തോടെയും പ്രാർത്ഥനയോടെയും ഹൃദയത്തിൽ സ്വീകരിക്കുക.

വായിക്കുക... പ്രാർത്ഥിക്കുക... ചിന്തിക്കുക... പങ്കുവെയ്ക്കുക.

നമ്മുടെ സേവനം നിശബ്ദമായിരിക്കാം, പക്ഷേ നമ്മുടെ സാക്ഷ്യം നിശബ്ദമാകരുത്. 'ഉപവി' ജീവിക്കുന്നത് നാം അത് വായിക്കുമ്പോഴാണ്. 'ഉപവി' ശക്തമാകുന്നത് നാം അത് പങ്കുവെയ്ക്കുമ്പോഴാണ്.

ഈസ്റ്റർ തിരുനാൾ സേവനത്തിന്റെ ഒരു പുതിയ ഉത്ഥാനത്തിലേക്ക് നമ്മെ ക്ഷണിക്കുന്നു. കുരിശിലെ ത്യാഗത്തിനും കല്ലറയിലെ നിശബ്ദതയ്ക്കും ശേഷമാണ് ഉത്ഥാനത്തിന്റെ മഹത്വം വെളിപ്പെട്ടത്. അതുപോലെ, നമ്മുടെ നിശബ്ദമായ സേവനങ്ങൾ മറ്റുള്ളവരുടെ ജീവിതത്തിൽ പ്രത്യാശയുടെ പ്രകാശമായി മാറട്ടെ. ക്രിസ്തുവിന്റെ ഉത്ഥാനം പകർന്നുനൽകിയ ജീവൻ, പാവപ്പെട്ടവരിലേക്ക് പകർന്നു നൽകാൻ നമുക്ക് സാധിക്കണം.

നിശബ്ദമായ സ്നേഹത്തിന്റെ ഈ സാക്ഷ്യങ്ങൾ വരുംതലമുറയ്ക്കായി കാത്തുസൂക്ഷിക്കാൻ 'ഉപവി' നമുക്ക് തുണയാകട്ടെ. എല്ലാവർക്കും ഹൃദയം നിറഞ്ഞ ഈസ്റ്റർ ആശംസകൾ !

പ്രാർത്ഥനയോടെ,

**ബ്രദർ ജോൺസൺ പറമ്പൻ**
എഡിറ്റർ

## വചനമൊഴി


# അവർക്കു വീഞ്ഞില്ല



സ്നേഹമുള്ള വിൻസെൻഷ്യൻ കുടുംബാംഗങ്ങളേ,

കാനായിലെ കല്യാണവിരുന്നിൽ സംബന്ധിക്കാൻ എത്തിയതായിരുന്നു പരിശുദ്ധ കന്യാമറിയവും യേശുവും ശിഷ്യഗണവും. ബന്ധുന്യായത്തിന്മേൽ കല്യാണ വിരുന്നിനെത്തിയതല്ല മറിച്ച്, ക്ഷണിക്കപ്പെട്ടതുകൊണ്ട് വന്നതാണ്. വിവാഹ വിരുന്നിനിടയിൽ കലവറയുടെ സമീപത്തുകൂടി കടന്നുപോയ മറിയം വിരുന്നിനിടയിൽ അതിഥികൾക്കു വിളമ്പേണ്ട വീഞ്ഞ് തീർന്നുപോയെന്നറിഞ്ഞു. ആരു പറഞ്ഞാണ് മറിയം ഇതറിഞ്ഞതെന്ന് സുവിശേഷം സാക്ഷ്യപ്പെടുത്തുന്നില്ല. എന്നാൽ വീഞ്ഞിന്റെ അഭാവം വിരുന്നിനെ സാരമായി ബാധിക്കും; ഗൃഹനാഥനും കുടുംബവും ഒന്നാകെ അപമാനിതരാകും എന്നു മനസ്സിലാക്കി മറിയം അതിനുള്ള പരിഹാരം കണ്ടെത്തുന്നു. തന്റെ പുത്രന് ഈ കുറവിനെ പരിഹരിക്കാൻ കഴിയുമെന്നു ബോധ്യമുണ്ടായിരുന്ന മറിയം യേശുവിനെ സമീപിച്ച് പറയുന്നു: 'അവർക്കു വീഞ്ഞില്ല'. രണ്ടേ രണ്ടു വാക്കുകൾ മാത്രം. വീഞ്ഞു തീർന്നുപോയതിന്റെ പേരിൽ ഗൃഹനാഥനെ മകന്റെ മുമ്പിൽവച്ചു മറിയം കുറ്റപ്പെടുത്തി സംസാരിച്ചില്ല; വിചാരണ ചെയ്തില്ല; ഒരുക്കക്കുറവിന്റെ പേരുംപറഞ്ഞ് അവഗണിച്ചില്ല. യേശുവും കുറ്റവിചാരണ ചെയ്യുന്നില്ല; ഗൃഹനാഥനെ കുറ്റപ്പെടുത്തുന്നില്ല. മറിച്ച് പ്രശ്നം, പ്രതിസന്ധി പരിഹരിക്കാനുള്ള നടപടികളാണ് സ്വീകരിച്ചത്.

സാമ്പത്തികമോ, ശാരീരികമോ, മാനസികമോ, ആദ്ധ്യാത്മികമോ ആയ കുറവുകളുള്ളവരെ അവരുടെ കുറവുകളുടെ പേരിൽ കുറ്റവിചാരണയോ കുറ്റപ്പെടുത്തലോ നടത്താതെ പ്രതിസന്ധി പരിഹരിക്കാൻ സാധ്യമായത് ചെയ്യുക എന്ന ലക്ഷ്യമായിരിക്കട്ടെ ഏതൊരു വിൻസെൻഷ്യൻ കുടുംബാംഗത്തിന്റെയും മാനസിക ഭാവം. ജീവിതക്ലേശത്തിനു കാരണം തേടിയാൽ-വിചാരണയും കുറ്റപ്പെടുത്തലും നടത്തിയാൽ - ഉപവി



അസാധ്യമാകും. 'അവർക്കു വീഞ്ഞില്ല' എന്ന മറിയത്തിന്റെ മനോഭാവം മാത്രമായിരിക്കട്ടെ ഉപവി പ്രവർത്തനത്തിന്റേത്. "എന്തുകൊണ്ട് വീഞ്ഞില്ല" എന്നത് അന്വേഷിക്കൽ ഉപവി പ്രവർത്തകന്റെ ഉത്തരവാദിത്വമല്ല. 'ആരു പറഞ്ഞു?' എന്ന അന്വേഷണവും ഒഴിവാക്കാം. 'വീഞ്ഞില്ല' എന്നത് വാസ്തവമെങ്കിൽ പരിഹാരം കഴിയും വിധമെല്ലാം ചെയ്യുക. അത് ഔദാര്യമല്ല, കടമയാണ്. നിറവേറ്റപ്പെടേണ്ട ഉത്തരവാദിത്വവും കൂടിയാണ്.

എല്ലാവർക്കും ദൈവാനുഗ്രഹം ആശംസിച്ചുകൊണ്ട്,

**ഫാ. ഇഗ്നേഷ്യസ് പയ്യപ്പിള്ളി**
സി.സി. ആത്മീയോപദേഷ്ടാവ്

**"കൊടുക്കുവിൻ ; നിങ്ങൾക്കും കിട്ടും.**
**അമർത്തിക്കുലുക്കി നിറച്ചളന്ന് അവർ നിങ്ങളുടെ**
**മടിയിൽ ഇട്ടുതരും. നിങ്ങൾ അളക്കുന്ന**
**അളവു കൊണ്ടുതന്നെ നിങ്ങൾക്കും അളന്നു കിട്ടും."**

***ലൂക്കാ 6 : 38***

## പ്രസിഡന്റിന്റെ കത്ത്

# ഉത്ഥിതന്റെ പ്രകാശം നമ്മുടെ സേവനങ്ങളിൽ തെളിയട്ടെ





**പ്രി**യ വിൻസൻഷൻ സഹോദരങ്ങളേ,

മരണത്തിന്റെ ഇരുളടഞ്ഞ കല്ലറകളെ ഭേദിച്ച്, പ്രത്യാശയുടെ പ്രഭ ചൊരിഞ്ഞ് ഉയിർത്തെഴുന്നേറ്റ ക്രിസ്തുനാഥന്റെ മഹിമ നിറഞ്ഞ ഈ പുണ്യ ദിനങ്ങളിൽ, നിങ്ങൾക്കേവർക്കും ഹൃദയം നിറഞ്ഞ ഈസ്റ്റർ ആശംസകൾ നേരുന്നു.

ഈസ്റ്റർ എന്നത് കേവലമൊരു ആഘോഷമല്ല; അത് അതിജീവനത്തിന്റെയും പ്രത്യാശയുടെയും മഹത്തായ പ്രഖ്യാപനമാണ്. “ഞാൻ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും” (യോഹന്നാൻ 11:25) എന്ന തിരുവചനം പോലെ, ക്രിസ്തു നമുക്ക് നൽകുന്നത് മരണത്തിന് അപ്പുറമുള്ള ജീവന്റെ ഉറപ്പാണ്. ഇരുട്ടിന് ശേഷം പ്രകാശമുണ്ടെന്നും, വേദനകൾക്ക് ശേഷം ആശ്വാസമുണ്ടെന്നും ഈ ഉത്ഥാനത്തിരുനാൾ നമ്മെ ഓർമ്മിപ്പിക്കുന്നു.

നമ്മുടെ വിൻസൻഷ്യൻ ശുശ്രൂഷകൾ ഈ പുനരുത്ഥാന സന്ദേശത്തിന്റെ പ്രായോഗികമായ തുടർച്ചയാണ്. തളർന്നുപോയ ഓരോ കുടുംബത്തിനും നാം നൽകുന്ന കൈത്താങ്ങ് അവരെ സംബന്ധിച്ചിടത്തോളം ഒരു ‘ഉയിർത്തെഴുന്നേൽപ്പാണ്’. “ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തുകൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തത്” (മത്തായി 25:40) എന്ന യേശുനാഥന്റെ വചനം നമ്മുടെ ഓരോ കർമ്മത്തിന്റെയും ആധാരശിലയാകണം.

നമ്മുടെ സെൻട്രൽ കൗൺസിലിന്റെ നേതൃത്വത്തിൽ നടന്നുവരുന്ന കാരുണ്യ പ്രവർത്തനങ്ങൾ ദൈവസ്നേഹത്തിന്റെ നിശബ്ദമായ വിപ്ലവങ്ങളാണ്:

**കാരുണ്യക്കൂടാരം :** ഉപേക്ഷിക്കപ്പെട്ട ഗൃഹോപകരണങ്ങളും, വസ്ത്രങ്ങളും ശേഖരിച്ച് അർഹതപ്പെട്ടവർക്ക് നൽകുമ്പോൾ നാം സ്നേഹത്തിന്റെ ഉത്ഥാന സ്മാരകങ്ങളാണ് തീർക്കുന്നത്.

**രക്തദാനം :** ഒരു തുള്ളി രക്തം ഒരാൾക്ക് ജീവൻ നൽകുമ്പോൾ, അത് ക്രിസ്തുവിന്റെ ബലിസ്നേഹത്തിന്റെ ആധുനികമായ ആവിഷ്കാരമാകുന്നു.

**നേത്രദാനം :** മറ്റൊരാളുടെ കണ്ണുകളിൽ പ്രകാശം നിറയ്ക്കുമ്പോൾ, നാം ലോകത്തിന്റെ ഇരുളകറ്റാനുള്ള ക്രിസ്തുവിന്റെ ഉപകരണങ്ങളായി മാറുന്നു.

ഈ ഈസ്റ്റർ ദിനങ്ങളിൽ ഒരു നിമിഷം നമുക്ക് ആത്മപരിശോധന നടത്താം, നമ്മുടെ സേവനങ്ങൾ വെറുമൊരു ചടങ്ങായി മാറുന്നുണ്ടോ എന്ന്? അതോ ക്രിസ്തുവിന്റെ കരുണയോടെയാണോ നാം ഓരോ വാതിലിലും മുട്ടുന്നത്?

“സ്വീകരിക്കുന്നതിനേക്കാൾ കൊടുക്കുന്നതാണ് ശ്രേയസ്ക്കരം” (അപ്പൊ. പ്രവൃത്തികൾ 20:35) എന്ന വചനം നമ്മുടെ ജീവിത ശൈലിയായി മാറണം. നമ്മുടെ കൈകൾ കൊടുക്കാനായി നീളുമ്പോൾ, നമ്മുടെ ഹൃദയങ്ങൾ സ്നേഹം പങ്കുവെയ്ക്കാനായി തുറക്കപ്പെടുമ്പോൾ മാത്രമേ നാം യഥാർത്ഥ വിൻസൻഷ്യൻമാരാകുന്നുള്ളൂ.

ഈ ഈസ്റ്റർ കാലം നമ്മുടെ പ്രവർത്തനങ്ങളെ കൂടുതൽ ആഴമുള്ളതാക്കാനും, നമ്മുടെ സേവനമേഖലകൾ കൂടുതൽ വ്യാപിപ്പിക്കാനും ശ്രമിക്കാം. പാർശ്വവൽക്കരിക്കപ്പെട്ടവരുടെ വിലാപങ്ങൾ ശ്രദ്ധിക്കാൻ കൂടുതൽ സമയം കണ്ടെത്താം. സൊസൈറ്റിയുടെ ഓരോ അംഗത്തിനും ക്രിസ്തുവിന്റെ സ്നേഹദൂതനായി മാറാം.

പുനരുത്ഥിതനായ ക്രിസ്തുവിന്റെ ശാന്തിയും സമാധാനവും നിങ്ങളുടെ കുടുംബങ്ങളിലും പ്രവർത്തനങ്ങളിലും എന്നും നിറഞ്ഞുനിൽക്കട്ടെ. ലോകത്തിന്റെ വേദനകളിൽ പ്രത്യാശയുടെ പ്രകാശമായി മാറാൻ നമുക്ക് ഒത്തൊരുമിച്ച് മുന്നേറാം.

ഏവർക്കും ഒരിക്കൽ കൂടി മംഗളകരമായ ഈസ്റ്റർ ആശംസകൾ!

സ്നേഹപൂർവ്വം,

**ബ്രദർ പീറ്റർ സെബാസ്റ്റ്യൻ**
പ്രസിഡന്റ്,
സെൻട്രൽ കൗൺസിൽ ■

കോൺഫറൻസ്
Spot light




## കാരുണ്യത്തിന്റെ കരംപിടിച്ചുള്ള പ്രയാണം:

# പഴങ്ങനാട് കോൺഫറൻസിന്റെ ആംബുലൻസ് വിപ്ലവം

### കോൺഫറൻസ് അംഗങ്ങളുമായുള്ള പ്രത്യേക അഭിമുഖം

***ഉപവി എഡിറ്റർ :*** സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി, സെന്റ് അഗസ്റ്റിൻസ് കോൺഫറൻസ് കിഴക്കമ്പലം നടത്തുന്ന ഈ ആംബുലൻസ് സേവനം തുടങ്ങാനുണ്ടായ യഥാർത്ഥ പ്രചോദനം എന്തായിരുന്നു ? ആരംഭിച്ച കാലത്തെ സാഹചര്യങ്ങൾ പ്രസിഡന്റിന് ഒന്ന് വിവരിക്കാനാകുമോ?

***പ്രസിഡന്റ്:*** 2011-ലാണ് നമ്മുടെ ഈ സേവനയാത്രയുടെ തുടക്കം. അന്ന് പഴങ്ങനാട് സമരിറ്റൻ ആശുപത്രിയിൽ ഐ.സി.യു സൗകര്യങ്ങളോ ആധുനിക ആംബുലൻസോ ഉണ്ടായിരുന്നില്ല. ഗുരുതരാവസ്ഥയിലുള്ള ഒരു കുഞ്ഞിനെ വിദഗ്ദ്ധ ചികിത്സയ്ക്കായി കോട്ടയത്തേക്ക് മാറ്റേണ്ടി വന്നപ്പോൾ, പുറത്തുനിന്നുള്ള ആംബുലൻസിന് നൽകാൻ പണമില്ലാത്തതിനാൽ ആ കുഞ്ഞിനെ കളമശ്ശേരിയിൽ പ്രവേശിപ്പിക്കുകയും അവിടെവെച്ച് മരിക്കുകയും ചെയ്ത ദാരുണമായ സംഭവം നമുക്ക് മറക്കാനാവില്ല. ഈയൊരു സാഹചര്യത്തിലാണ് സ്വന്തമായി ഒരു അത്യാധുനിക ആംബുലൻസ് വേണമെന്ന ചിന്ത അന്നത്തെ വികാരി ഫാ. തോമസ് പെരപ്പാടൻ അച്ചന്റെയും കോൺഫറൻസിന്റെയും മനസ്സിലുദിക്കുന്നത്.

***ഉപവി എഡിറ്റർ:*** തുടക്കകാലത്ത് നേരിട്ട പ്രധാന വെല്ലുവിളികൾ എന്തൊക്കെയായിരുന്നു?

***പ്രസിഡന്റ്:*** ഏറ്റവും വലിയ വെല്ലുവിളി സാമ്പത്തികം തന്നെയായിരുന്നു. ഒരു ഐ.സി.യു ആംബുലൻസ് എന്നത് വലിയ ചിലവുള്ള ഒന്നാണ്. എന്നാൽ സുമനസ്സുകളുടെ സഹായത്തോടെ 2017-ൽ നാം അത് യാഥാർത്ഥ്യമാക്കി. പിന്നീട് 2019, 2020, 2023 വർഷങ്ങളിലായി കൂടുതൽ ആംബുലൻസുകൾ നമ്മുടെ സേവനവ്യൂഹത്തിലേക്ക് ചേർക്കാൻ നമുക്ക് സാധിച്ചു.

***ഉപവി എഡിറ്റർ:*** ഈ സംവിധാനത്തിന്റെ ദൈനംദിന പ്രവർത്തന രീതിയെക്കുറിച്ച് ഒന്ന് വിശദമാക്കാമോ? എത്രത്തോളം കാര്യക്ഷമമായാണ് ഇത് മുന്നോട്ട് പോകുന്നത്?

***പ്രസിഡന്റ്:*** നമ്മുടെ സേവനം 24 മണിക്കൂറും ലഭ്യമാണ്. ബ്രദർ സാബു പൈലി, ബ്രദർ ജിബി മാത്യു എന്നിവർക്കാണ് സ്റ്റാഫിനെ ഏകോപിപ്പിക്കാനും കോളുകൾ അറ്റൻഡ് ചെയ്യാനുമുള്ള ചുമതല. നാല് ഇ.എം.ടി (EMT) മാരും മൂന്ന് ഡ്രൈവർമാരും ഈ ടീമിലുണ്ട്. എടത്തല, കിഴക്കമ്പലം, കുന്നത്തുനാട്, പട്ടിമറ്റം എന്നീ മേഖലകളിൽ ആഴ്ചയിൽ ആറ് ദിവസവും നാം സജീവമായി ഇടപെടുന്നു.

***ഉപവി എഡിറ്റർ:*** മറ്റുള്ള ആംബുലൻസ് സേവനങ്ങളിൽ നിന്ന് നിങ്ങളെ വ്യത്യസ്തമാക്കുന്ന പ്രത്യേകതകൾ എന്തൊക്കെയാണ്?

***പ്രസിഡന്റ്:*** നമ്മുടെ ഐ.സി.യു ആംബുലൻസിലെ സംവിധാനങ്ങൾ തന്നെയാണ് പ്രധാന വ്യത്യാസം. നിയോനേറ്റൽ വെന്റിലേറ്റർ മുതൽ ഡിഫിബ്രിലേറ്റർ വരെ ഒരു ആശുപത്രിയുടെ അത്യാഹിത വിഭാഗത്തിന് തുല്യമായ സൗകര്യങ്ങൾ ഇതിലുണ്ട്. കൂടാതെ, കേരളത്തിന് പുറത്തുള്ള എല്ലാ സംസ്ഥാനങ്ങളിലേക്കും രോഗികളെ സുരക്ഷിതമായി എത്തിക്കാൻ നമ്മൾ തയ്യാറാകുന്നു എന്നതും നമ്മുടെ പ്രത്യേകതയാണ്.

***ഉപവി എഡിറ്റർ:*** സേവനത്തിന്റെ സാമ്പത്തിക വശത്തെക്കുറിച്ച് എഡിറ്റർ എന്ന നിലയിൽ എനിക്ക് ചോദിക്കാനുള്ളത്, ചാർജ് സംവിധാനം എങ്ങനെയാണ് നിശ്ചയിക്കുന്നത് എന്നാണ്. പാവപ്പെട്ടവർക്ക് എന്ത് പരിഗണനയാണ് നൽകുന്നത്?

***പ്രസിഡന്റ്:*** പൂർണ്ണമായും ലാഭേച്ഛയില്ലാതെയാണ് നമ്മുടെ പ്രവർത്തനം. പാവപ്പെട്ടവർക്കും നിർദ്ധനരായ രോഗികൾക്കും സേവനം തികച്ചും സൗജന്യമാണ്. മറ്റുള്ളവർക്ക് അവരുടെ സാമ്പത്തിക സ്ഥിതി അനുസരിച്ച് റേറ്റിൽ വലിയ ഇളവുകൾ നൽകാറുണ്ട്. കഴിഞ്ഞ വർഷം മാത്രം ഏകദേശം 5 ലക്ഷം രൂപയോളം ആംബുലൻസ് ഇനത്തിൽ ജനങ്ങൾക്ക് ഇളവ് നൽകാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട് എന്നത് സംതൃപ്തി നൽകുന്ന കാര്യമാണ്.

***ഉപവി എഡിറ്റർ:*** കോൺഫറൻസിനെ ഏറ്റവും കൂടുതൽ സ്പർശിച്ച ഒരു അനുഭവം പങ്കുവെക്കാമോ?

***പ്രസിഡന്റ്:*** പ്രളയകാലത്തും കോവിഡ് കാലത്തും നാം നടത്തിയ ഇടപെടലുകൾ എടുത്തു പറയേണ്ടതാണ്. പ്രളയത്തിൽ ഒറ്റപ്പെട്ട

ഒരു ഡയാലിസിസ് രോഗിയെ മെട്രോയുടെയും ആംബുലൻസിന്റെയും സഹായത്തോടെ അതീവ പ്രയാസപ്പെട്ട് വീട്ടിലെത്തിച്ചത് ഇന്നും ഓർക്കുന്നു. അതുപോലെ കോവിഡ് കാലത്ത് മൃതദേഹം തൊടാൻ പോലും ആളുകൾ മടിച്ച സമയത്ത് 125 പേരുടെ ശവസംസ്കാരം നമ്മുടെ പ്രവർത്തകർ മതാചാരപ്രകാരം ഏറ്റെടുത്തു നടത്തിയത് വലിയൊരു സേവനമായിരുന്നു.

***ഉപവി എഡിറ്റർ:*** ഭാവിയിലേക്ക് എന്തൊക്കെ വികസന പദ്ധതികളാണ് പ്രസിഡന്റ് വിഭാവനം ചെയ്യുന്നത്?

***പ്രസിഡന്റ്:*** നിലവിൽ മൂന്ന് പ്രധാന പ്രോജക്റ്റുകൾ നമ്മുടെ മുന്നിലുണ്ട്. ഒന്ന്, നിർദ്ധനർക്കായി പണിയുന്ന 'ഒസാനം സ്വപ്നകൂട്' എന്ന 9 വീടുകളുടെ നിർമ്മാണം. രണ്ട്, ഫിസിയോതെറാപ്പി സെന്റർ. മൂന്ന്, 20 സെന്റ് സ്ഥലത്ത് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സൗജന്യ ഡയാലിസിസ് സെന്റർ. ഈ ലക്ഷ്യങ്ങളിലേക്ക് എത്താൻ സമൂഹത്തിന്റെ വലിയ പിന്തുണ നാം പ്രതീക്ഷിക്കുന്നു.

രോഗികളുടെ ആവശ്യാനുസരണം കട്ടിൽ, ബെഡ്, എയർ ബെഡ്, വാട്ടർ ബെഡ്, വീൽചെയർ, കമോഡ് ചെയർ, വോക്കർ, വോക്കിംഗ് സ്റ്റിക്ക്, സക്ഷൻ മെഷീൻ, ഓക്സിജൻ കോൺസൻട്രേറ്റർ, ഓക്സിജൻ സിലിണ്ടർ, റെഗുലേറ്റർ, ബൈപാപ് മെഷീൻ തുടങ്ങിയ മെഡിക്കൽ ഉപകരണങ്ങൾ താൽക്കാലികമായി നൽകുകയും പിന്നീട് തിരിച്ചെടുക്കുകയും ചെയ്യുന്ന സേവനം ലഭ്യമാണ്. പാലിയേറ്റീവ് കെയർ സർവ്വീസുകൾ, മൃതസംസ്കാരത്തിന് ഉപയോഗിക്കുന്ന ഫ്രീസറുകൾ തുടങ്ങിയ സർവ്വീസുകളും ചെയ്യുന്നു.

***ഉപവി എഡിറ്റർ:*** അവസാനമായി, നമ്മുടെ ഈ സേവനയാത്രയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് പ്രവർത്തിക്കാൻ ആഗ്രഹിക്കുന്ന മറ്റ് കോൺഫറൻസുകളിലെ സഹോദരങ്ങളോട് നിങ്ങൾക്ക് എന്താണ് പറയാനുള്ളത്? 'ഉപവി'യുടെ വായനക്കാർക്കായി ഒരു സന്ദേശം നൽകാമോ?



*പ്രസിഡന്റ്:* തീർച്ചയായും. വിൻസെൻഷ്യൻ ആത്മീയതയുടെ കാതൽ എന്നത് പ്രസംഗങ്ങളല്ല, മറിച്ച് പ്രവർത്തികളാണ്. പ്രിയ സഹോദരങ്ങളോട് ഞങ്ങൾക്ക് പറയാനുള്ളത് ഇതാണ്:

നമ്മുടെ മുന്നിലെത്തുന്ന ഓരോ ദരിദ്രനിലും രോഗിയിലും നാം കാണേണ്ടത് ദൈവത്തെയാണ്. പണമില്ലാത്തതുകൊണ്ട് ഒരാൾക്കും ചികിത്സയോ, ചികിതക്കാവശ്യമായ യാത്രയോ നിഷേധിക്കപ്പെടരുത് എന്ന വാശിയിൽ നിന്നാണ് നമ്മുടെ ഈ വലിയ ദൗത്യം വിജയിച്ചത്.

'ഉപവി'യുടെ വായനക്കാരോടും സുമനസ്സുകളോടും ഞങ്ങൾക്ക് പറയാനുള്ളത്, നിങ്ങളുടെ ഓരോ ചെറിയ സഹായവും ഒരാളുടെ ജീവൻ രക്ഷിക്കാനോ അല്ലെങ്കിൽ അവർക്ക് ഒരു കൂര ഒരുക്കാനോ ഉള്ള വലിയൊരു പ്രയത്നത്തിന്റെ ഭാഗമാണ്. പ്രതിസന്ധികളെ ഭയപ്പെടാതെ, കരുണയുടെ ഈ പാതയിൽ നമുക്ക് ഒരുമിച്ച് കൈകോർക്കാം. നമ്മുടെ ലക്ഷ്യം പാവപ്പെട്ടവരുടെ ഉന്നമനമാണ്, അത് നടപ്പിലാക്കാൻ ദൈവം നമ്മെ അനുഗ്രഹിക്കും തീർച്ച.'




പഴങ്ങനാട് ആംബുലൻസ് പ്രോജക്റ്റുമായി ബന്ധപ്പെട്ട
കൂടുതൽ വിവരങ്ങൾ അറിയുന്നതിനും,
സേവനം ഉപയോഗിക്കുന്നതിനും, സഹകരിക്കാൻ
ആഗ്രഹിക്കുന്നവരും താഴെ നൽകിയിരിക്കുന്ന നമ്പറിൽ
ബന്ധപ്പെടാവുന്നതാണ്.

**99954 67333**



## നന്മയുടെ ജീവൻ പകർന്നവർ

# പിടിയരി
## ഒരു ഗ്രാമത്തിന്റെ ഹൃദയം

**ബ്രദർ പാസ്ക്കൽ സി. പൂവത്തിങ്കൽ**
കോക്കമംഗലം എ.സി.
സീനിയർ വൈസ് പ്രസിഡന്റ്

**അ**ത് 1960-കളിലെ ഒരു കാലം... വിശപ്പിന്റെ കനൽ വീട്ടുവാതിലുകൾ കടന്നെത്തിയിരുന്ന ദിവസങ്ങൾ. പല വീടുകളിലും അടുപ്പുകൾ പുകയാതെ നിന്നിരുന്നു. നെൽകൃഷിയുള്ള കുറച്ച് വീടുകൾ ഒഴിച്ചാൽ, അരി എന്നത് സാധാരണക്കാരന് ഒരു വിദൂരസ്വപ്നം മാത്രമായിരുന്നു. കപ്പയും ചേമ്പും കിഴങ്ങുവർഗ്ഗങ്ങളും ആയിരുന്നു എന്റെയും, പല കുടുംബങ്ങളുടെയും ആശ്രയം.

ആ ദുരിതകാലത്ത്, തണ്ണീർമുക്കം ഗ്രാമത്തിന്റെ വഴികളിലൂടെ ഒരു വയോധികൻ പതുക്കെ നടന്ന് പോകുമായിരുന്നു...

കളമുള്ള കൈലിമുണ്ടും, തോളിൽ ഒരു തൂവാലയും... കൈയിൽ കുരിശടയാളമുള്ള ഒരു തുണിസഞ്ചിയും...

'പിടിയരി' ഉണ്ടോ...?"

അദ്ദേഹത്തിന്റെ പതിഞ്ഞശബ്ദത്തിന് അപേക്ഷയേക്കാൾ കരുതലായിരുന്നു.

വീട്ടമ്മമാർ പിടിയരി എടുത്ത് ആ സഞ്ചിയിലേക്ക് ഇടും. അത് ചെറിയൊരു അളവായിരുന്നുവെങ്കിലും, ഒത്തുചേർന്നപ്പോൾ പലരുടെ വിശപ്പടക്കാൻ മതിയായ ധാന്യമായി മാറി. കൂടെ എപ്പോഴും പോത്തൻ ഉപ്പാപ്പനും ഉണ്ടായിരുന്നു നിശബ്ദമായ സഹയാത്രികൻ.

ആ സഞ്ചികൾ നിറയുമ്പോൾ, അവർ തിരികെ പോകുന്നത് മറ്റൊരു വഴിയിലൂടെയായിരുന്നു...

അവിടെ കാത്തിരുന്നത് വിശപ്പിന്റെ കണ്ണുകളായിരുന്നു.

മുറവുമായി കാത്തുനിന്നിരുന്ന അമ്മമാർക്ക്, ഒന്നോ രണ്ടോ നാഴി അരി അളന്ന് കൊടുക്കുമ്പോൾ, അത് ഭക്ഷണം മാത്രമല്ല... ആശ്വാസവും പ്രത്യാശയും ആയിരുന്നു.

ജാതിയും മതവും നോക്കാതെ, ആരും കാണാതെ ചെയ്ത ഈ ചെറിയ പ്രവർത്തനങ്ങൾ, സൊസൈറ്റിയുടെ മനുഷ്യസ്നേഹത്തിന്റെ അടയാളമായി മാറി.

ഇത് ഒരാളുടെ മാത്രം കഥയല്ല...

ഒരു കൂട്ടം ഹൃദയങ്ങളുടെ കഥയാണ്, കൂടെ എന്റേതും.

വൈപ്പിശ്ശേരി ചാക്കോ ഉപ്പാപ്പനും, കൊച്ചുപറമ്പിൽ പോത്തൻ ഉപ്പാപ്പനും, തുരുത്തേപീടിക ലൂക്ക അപ്പാപ്പനും, മേത്തംപറമ്പിൽ തൊമ്മൻകുട്ടി ചേട്ടനും, മങ്കുഴിക്കരി വർഗീസ് സഹോദരനും, ഇണ്ടിക്കുഴി ഈയ്യോച്ചൻ സാറും, ചെറിയത്ത് എബ്രഹാം സാറും, മാത്തച്ചൻ മങ്കുഴിക്കരി സഹോദരനും ചേർന്ന് വിതച്ച ഈ വിത്താണ് ഇന്ന് തണ്ണീർമുക്കത്തെ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ ശക്തമായ സേവന പാരമ്പര്യമായി വളർന്നത്.

കാലം മാറി...

വിശപ്പിന്റെ രൂപം മാറിയെങ്കിലും,

“ഒരുപിടി അരി” എന്ന സ്നേഹത്തിന്റെ മൂല്യം ഇന്നും മാറിയിട്ടില്ല.

ആ നിശബ്ദ പാതകളിലൂടെ നടന്നവരുടെ പാദസ്പർശം ഇന്നും നമ്മെ പഠിപ്പിക്കുന്നു

കൊടുക്കുന്നത് വലിയതല്ല... ഹൃദയത്തോടെ കൊടുക്കുന്നതാണ് വലിയതെന്ന്.

ദൈവാനുഗ്രഹം കൊണ്ടുമാത്രം 56 വർഷമായി സൊസൈറ്റിയിലെ എളിയ അംഗമായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന എനിക്ക് എറണാകുളം സി സി യുടെ മുൻനിര പ്രവർത്തകരായ ബ്രദർ പി.സ് ജോസഫ് സാറു മുതൽ ഇങ്ങോട്ട് ബ്രദർ പീറ്റർ സെബാസ്റ്റ്യൻ വരെയുള്ള സി സി പ്രസിഡന്റുമാരുടെ കാലഘട്ടത്തിൽ സൊസൈറ്റിയിലെ അംഗമായി തുടരാൻ സാധിക്കുന്നതിൽ ദൈവത്തിന് നന്ദി അർപ്പിക്കുന്നു.




# എറണാകുളം സെൻട്രൽ കൗൺസിൽ യൂത്ത് മീറ്റിംഗ്

എറണാകുളം സെൻട്രൽ കൗൺസിലിന്റെ കീഴിലുള്ള വിവിധ ഏരിയ കൗൺസിലുകളെ പ്രതിനിധീകരിക്കുന്ന യൂത്ത് പ്രതിനിധികളുടെ യോഗം സംഘടിപ്പിച്ചു. സംഘടനയുടെ യുവജന പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും ഏകോപനം വർധിപ്പിക്കുന്നതിനുമായി യോഗം തീരുമാനമെടുത്തു.

നിലവിൽ സെൻട്രൽ കൗൺസിലിന് കീഴിലുള്ള 24 ഏരിയ കൗൺസിലുകളിൽ 22 കൗൺസിലുകളിൽ യൂത്ത് പ്രതിനിധികൾ സജീവമായി പ്രവർത്തിക്കുന്നതായി യോഗത്തിൽ വിലയിരുത്തി. ഇത് സംഘടനയിലെ യുവജന പ്രവർത്തനങ്ങളുടെ വ്യാപ്തി വ്യക്തമാക്കുന്നു.

മൂഴിക്കുളം, കോക്കമംഗലം, കറുകുറ്റി, മലയാറ്റൂർ, തുറവൂർ, വൈക്കം, പെരുമാനൂർ, കിഴക്കമ്പലം എന്നീ ഏരിയ കൗൺസിലുകളിൽ നിന്നുള്ള യൂത്ത് പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു. വിവിധ ഏരിയകളിലെ പ്രവർത്തനങ്ങൾ പങ്കുവെക്കുകയും ഭാവി പ്രവർത്തനങ്ങൾക്കായുള്ള നിർദ്ദേശങ്ങൾ അവതരിപ്പിക്കുകയും ചെയ്തു.

യുവജനങ്ങളാണ് സംഘടനയുടെ ഭാവി ശക്തി എന്ന തിരിച്ചറിവോടെ, ഓരോ ഏരിയ കൗൺസിലുകളിലും യുവജനങ്ങളുടെ പങ്കാളിത്തം വർധിപ്പിക്കേണ്ടതിന്റെ ആവശ്യകതയും യോഗത്തിൽ ഊന്നിപ്പറഞ്ഞു. കൂടുതൽ യുവാക്കളെ സംഘടനയിലേക്ക് ആകർഷിക്കുകയും അവരുടെ കഴിവുകളും ഉത്സാഹവും സേവന പ്രവർത്തനങ്ങളിലേക്ക് വിനിയോഗിക്കുകയും ചെയ്യേണ്ടത് എല്ലാവരുടെയും ഉത്തരവാദിത്വമാണെന്ന് അഭിപ്രായപ്പെട്ടു.

കൂടുതൽ സജീവമായ യുവജന പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള പ്രതിജ്ഞയോടെ യോഗം സമാപിച്ചു.

വനിത Corner

# ഒരു പ്രചോദനദായക ദിനം

## - വനിതാ സെമിനാർ അനുഭവം

മാർച്ച് 14-ാം തീയതി ഒരു സാധാരണ ശനിയാഴ്ചയല്ലായിരുന്നു അത്. എറണാകുളം സെൻട്രൽ കൗൺസിലിന്റെ വനിതാ സെമിനാറി നായി പല ഇടങ്ങളിൽ നിന്നുള്ള അംഗങ്ങൾ ഒരുമിച്ചു ചേർന്ന ദിനം.

രാവിലെ തന്നെ കലൂർ റിന്യുവൽ സെന്റർ സജീവത കൊണ്ട് നി റഞ്ഞിരുന്നു. രജിസ്ട്രേഷനുശേഷം വിശുദ്ധ കുർബാനയോടെ ദിവ സത്തിന് ആത്മീയമായ ഒരു തുടക്കം ലഭിച്ചു. അതിനുശേഷം ആരംഭി ച്ച പൊതുയോഗത്തിൽ, സ്വാഗതത്തിന്റെ ചൂടും കൂട്ടായ്മയുടെ സ ന്തോഷവും എല്ലാവരെയും ഒരേ കുടുംബമായി ബന്ധിപ്പിച്ചു.

ഉദ്ഘാടന സന്ദേശവുമായി എത്തിയ ആത്മീയ ഉപദേഷ്ടാവ് വെരി. റവ. ഡോ. ഇഗ്നേഷ്യസ് പയ്യപ്പിള്ളി, ജീവിതത്തിൽ ദൈവസാന്നിധ്യ ത്തിന്റെ ആവശ്യകതയെ വളരെ ലളിതമായ വാക്കുകളിൽ നമ്മെ ഓർ മ്മിപ്പിച്ചു. പുറത്തുള്ള ലോകത്തിന്റെ തിരക്കിൽ ആത്മീയത മറക്കരു തെന്ന് അദ്ദേഹം പറഞ്ഞപ്പോൾ, പലരുടെയും മനസ്സിൽ ഒരു ചെറിയ ചിന്തയുടെ വിളക്ക് തെളിഞ്ഞിരിക്കാം.




അധ്യക്ഷ പ്രസംഗ ത്തിൽ ബ്രദർ പീറ്റർ സെ ബാസ്റ്റ്യൻ, നമ്മുടെ പ്രവർ ത്തനങ്ങൾ കൂടുതൽ അർ ത്ഥവത്താക്കേണ്ടതിന്റെ ആ വശ്യകതയെക്കുറിച്ച് സം സാരിച്ചു. കോപം നിയന്ത്രി ക്കാനും, പരസ്പര സ്നേഹ ത്തോടെയും ഐക്യത്തോ ടെയും മുന്നോട്ട് പോകാനുമുള്ള ആഹ്വാനം, എല്ലാവരുടെയും മന സ്സിൽ പതിഞ്ഞു. പിന്നീട് നടന്ന ക്ലാസുകൾ ദിവസത്തിന്റെ മുഖ്യ ആ കർഷണമായി. ഡോ. സി. മാർത്ത കാൻസർ രോഗങ്ങളെക്കുറിച്ച് സം സാരിക്കുമ്പോൾ, ആരോഗ്യത്തെക്കുറിച്ചുള്ള പുതിയ ബോധം എല്ലാ

വർക്കും ലഭിച്ചു. നമ്മുടെ ജീവിതശൈലിയാണ് പല രോഗങ്ങൾക്കും കാരണം എന്ന തിരിച്ചറിവ് പലരെയും ചിന്തിപ്പിച്ചു.

തുടർന്ന് സി. ആനി ആന്റണി, വളരെ ലളിതവും ഹൃദയസ്പർശിയുമായ രീതിയിൽ ജീവിതശൈലി രോഗങ്ങളെക്കുറിച്ച് സംസാരിച്ചു. ചെറിയ ഉദാഹരണങ്ങളിലൂടെ വലിയ സത്യങ്ങൾ പറഞ്ഞുകൊണ്ട്, ആരോഗ്യകരമായ ജീവിതത്തിലേക്കുള്ള വഴികൾ അവർ തുറന്ന് കാട്ടി. ചർച്ചകളുടെ സമയത്ത്, ഓരോരുത്തരുടെയും ചിന്തകളും അനുഭവങ്ങളും പങ്കുവെക്കപ്പെട്ടു. അത് ഒരു സാധാരണ ചർച്ചയല്ല, മറിച്ച് പരസ്പരം പഠിക്കുന്ന ഒരു അനുഭവമായി മാറി. ഏകദേശം 250 പേരുടെ സാന്നിധ്യത്തിൽ നടന്ന ഈ സെമിനാർ, അറിവും ആത്മീയതയും സൗഹൃദവും ഒന്നിച്ചുചേർന്ന ഒരു മനോഹര അനുഭവമായി മാറി. ദിവസാവസാനം, എല്ലാവരുടെയും ഹൃദയത്തിൽ ഒരു ചെറിയ സന്തോഷവും, ചില നല്ല തീരുമാനങ്ങളും, പുതിയൊരു പ്രചോദനവും നിറഞ്ഞിരുന്നു...




വിവാഹപ്രായമായിട്ടും അനുയോജ്യമായ ബന്ധം ലഭിക്കാതെ നിൽക്കുന്ന യുവാക്കളെയും യുവതികളെയും സഹായിക്കുന്നതിനായി നമ്മുടെ സംഘടനയുടെ നേതൃത്വത്തിൽ "നിനക്കായി" എന്ന വിവാഹ പദ്ധതി നടപ്പിലാക്കുന്നു.

കോൺഫറൻസുകളുടെ മേൽനോട്ടത്തിൽ ബയോഡാറ്റ ശേഖരിച്ച്, അപേക്ഷകർ യോജിച്ച ബന്ധങ്ങൾ കണ്ടെത്തുന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിനകം നിരവധി യുവാക്കൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും യുവതികളുടെ പങ്കാളിത്തം വളരെ കുറവാണ്.

എല്ലാ കോൺഫറൻസുകളോടും അഭ്യർത്ഥിക്കുന്നു.

**കൂടുതൽ പേരെ ഈ പദ്ധതിയിലേക്ക് എത്തിക്കുക. പള്ളികളിൽ അറിയിപ്പുകളും ലീഫ്‌ലറ്റുകളും വഴി പ്രചാരണം നടത്തുക. പ്രത്യേകിച്ച് യുവതികളുടെ രജിസ്ട്രേഷൻ പ്രോത്സാഹിപ്പിക്കുക.**

*" നിനക്കായി " നല്ലൊരു ജീവിതപങ്കാളിയിലേക്ക് വിശ്വാസത്തിന്റെ കൈത്താങ്ങ്.*

50

ജൂബിലി നിറവിൽ

# ഫാത്തിമമാത കോൺഫ്രൻസ്

## ചെറുകടപ്പുറം, മൂഴിക്കുളം എ.സി.

ചെറുകടപ്പുറം ഇടവകയിൽ സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന 18.08.1974–ൽ നിലവിൽ വന്ന ഫാത്തിമമാത കോൺഫ്രൻസ്, പ്രസിഡന്റ് ബ്രദർ ഷൈജു പുന്നെക്കാടന്റെ നേതൃത്വത്തിൽ 10 പ്രവർത്തകരുടെ സഹകരണത്തോടെ പ്രവർത്തനങ്ങൾ സുഗമമായി മുന്നേറുന്നു.

സിൽവർ ജൂബിലിയുടെ ഭാഗമായി, നോർത്ത് പറവൂർ ഗവൺമെന്റ് ആശുപത്രിയിൽ എല്ലാ ഞായറാഴ്ചകളിലും രോഗികൾക്ക് ഭക്ഷണം വിതരണം ചെയ്യുന്നു. കൂടാതെ, പറവൂർ കോതോലെങ്ങോ ഭവനത്തിലെ വൈകല്യമുള്ള കുട്ടികൾക്കും എല്ലാ ഞായറാഴ്ചകളിലും ഭക്ഷണം നൽകുന്നു. കഴിഞ്ഞ അഞ്ച് വർഷമായി ഈ സേവന പ്രവർത്തനങ്ങൾ തുടർച്ചയായി നടത്തിവരുന്നു. ഇടവകയിലെയും സമീപ പ്രദേശങ്ങളിലെയും സന്നദ്ധരായ വ്യക്തികളുടെ സാമ്പത്തിക സഹായവും സഹകരണവും പ്രവർത്തനങ്ങൾക്ക് വലിയ പിന്തുണയാണ്.

കൂടാതെ, കൂട്ടുകാട് വൃദ്ധസദനത്തിലും ഇളന്തിക്കര ബാലഭവനത്തിലും ഇടയ്ക്കിടെ ഭക്ഷണസാമഗ്രികൾ നൽകാറുണ്ട്. കഴിഞ്ഞ കാലയളവിൽ മരിച്ചുപോയ മൂന്ന് പേരുടെ കണ്ണുകൾ ദാനം ചെയ്തതും ശ്രദ്ധേയമാണ്.

എല്ലാ മാസവും ദത്തു കുടുംബ സന്ദർശനങ്ങളും ആവശ്യമായ സഹായങ്ങളും നൽകുന്നു. കഴിഞ്ഞ വർഷം ഏഴ് വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിനായി OEAS സ്കോളർഷിപ്പുകൾ വിതരണം ചെയ്തു. ഇടവകയിലെ ഒരു കിഡ്നി രോഗിക്കും, അന്യമതസ്ഥനായ മറ്റൊരു രോഗിക്കും ഡയാലിസിസിനായി പ്രതിമാസ സാമ്പത്തിക സഹായം നൽകുന്നു.




ഇതോടൊപ്പം, കോൺഫ്രൻസ് അംഗമായ ബ്രദർ വർഗീസ് പുളിക്കലിന്റെ 24 സെന്റ് ഭൂമി എട്ട് പേർക്കായി വിഭജിച്ച് നൽകി. അതിൽ ചിലർ വീടുനിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുമുണ്ട്.




# വിശ്വാസത്തിൽ വളരുന്ന സേവനം – അങ്കമാലി സെന്റ് തോമസ് കോൺഫറൻസ്

2002–ൽ സ്ഥാപിതമായ അങ്കമാലി സെന്റ് തോമസ് കോൺഫറൻസ്, 22 അംഗങ്ങളുമായി ആത്മീയവും സാമൂഹികവുമായ സേവനങ്ങളിൽ സജീവമാണ്. കിടപ്പുരോഗികൾക്ക് വിശുദ്ധ കുമ്പസാരവും കുർബാനയും നൽകുന്ന ശുശ്രൂഷയാണ് പ്രധാന പ്രവർത്തനം.

ഈ ആത്മീയ സേവനങ്ങളുടെ തുടർച്ചയായി, ദൈവിക ഇടപെടലെന്ന ബോധ്യത്തിൽ ഒരു ഡയാലിസിസ് സെന്റർ ആരംഭിക്കാൻ കോൺഫറൻസ് മുന്നോട്ട് വന്നു. അപ്രതീക്ഷിതമായി ലഭിച്ച 142 സെന്റ് ഭൂമിയും വിശ്വാസവും പ്രാർത്ഥനയും ആണ് പദ്ധതിയുടെ അടിസ്ഥാനം. വെറും അഞ്ച് ലക്ഷം രൂപയിൽ ആരംഭിച്ച നിർമാണം സമൂഹത്തിന്റെ സഹകരണത്തോടെ പുരോഗമിച്ചു.


2025 ജനുവരിയിൽ കെട്ടിടം വെഞ്ചരിപ്പും നടത്തി. ആദ്യഘട്ടമായി നാല് മെഷീനുകളോടെ പ്രവർത്തനം ആരംഭിക്കാനാണ് ലക്ഷ്യം. പൂർണ്ണമായാൽ 12 മെഷീനുകൾ വഴി ദിവസേന 24 രോഗികൾക്ക് സൗജന്യ ഡയാലിസിസ് നൽകാൻ കഴിയും.

മാസം അഞ്ച് ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതി, സമൂഹത്തിന്റെ സഹകരണത്തിലും ദൈവവിശ്വാസത്തിലും മുന്നോട്ട് പോകുന്നു. “ദൈവം ആരംഭിച്ച കാര്യം അവൻ തന്നെ പൂർത്തിയാക്കും” എന്ന വിശ്വാസത്തിലാണ് പ്രവർത്തകർ.

ജൂൺ മാസത്തിലെ തിരുഹൃദയ തിരുനാളിനോടനുബന്ധിച്ച് ഡയാലിസിസ് സെന്റർ ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിക്കാനാണ് കോൺഫറൻസിന്റെ ആഗ്രഹം. ഇതിന് എല്ലാ സഹോദരങ്ങളുടെയും നിർലോഭമായ സഹായവും ആത്മാർത്ഥമായ പ്രാർത്ഥനകളും അഭ്യർത്ഥിക്കുന്നു.

## സി. സി. വാർത്തകൾ

### സമ്പൂർണ്ണ യോഗം



72–ാം പ്രവർത്തന വർഷം 4–ാമത് യോഗം 2026 ജനുവരി 4 രാവിലെ 10.30 ന് പുതിയ സി.സി. പ്രസിഡന്റിനെയും ബോർഡ് അംഗങ്ങളെയും ചുമതല ഏൽപ്പിക്കുന്ന യോഗം. ബ്രദർ പോളച്ചൻ ഔസേപ്പ്കുട്ടിയുടെ സ്വാഗതത്തോടെ ആരംഭിച്ചു. ഇലക്ഷൻ ഓഫീസറും സീനിയർ വൈസ് പ്രസിഡന്റുമായ ബ്രദർ ജോർജ് ജോസഫ് ഇലക്ഷൻ റിപ്പോർട്ടും, പുതുതായി തിരഞ്ഞെടുക്കപ്പെട്ട ബ്രദർ പീറ്റർ സെബാസ്റ്റ്യന്റെ തിരഞ്ഞെടുപ്പ് അപ്രൂവ് ചെയ്തുകൊണ്ടുള്ള നാഷ്ണൽ കൗൺസിൽ പ്രസിഡന്റ് ബ്രദർ ജൂഡ് Z.R. മംഗൾരാജ് അയച്ച ലെറ്ററും വായിച്ച് പരസ്യപ്പെടുത്തി. അതിരൂപത വികാരി ജനറൽ വെരി. റവ. ഫാ. ജിമ്മി പൂച്ചക്കാട്ട് അനുഗ്രഹ പ്രഭാഷണം നടത്തി. നാഷ്ണൽ കൗൺസിൽ പ്രസിഡന്റ് ചൊല്ലിക്കൊടുത്ത പ്രതിജ്ഞ ഏറ്റുചൊല്ലി ബ്രദർ പീറ്റർ സെബാസ്റ്റ്യൻ പുതിയ പ്രസിഡന്റായി സ്ഥാനം ഏറ്റെടുത്തു. യോഗത്തിൽ സന്നിഹിതരായിരുന്ന നാഷണൽ സീനിയർ വൈസ് പ്രസിഡന്റ് ബ്രദർ സബാസ്റ്റ്യൻ തോമസ്, നാഷ്ണൽ കൗൺസിൽ കൗൺസിലിയേഷൻ അംഗം ബ്രദർ ലിറ്റോ പാലത്തിങ്കൽ, മുൻ സി.സി. പ്രസിഡന്റുമാരായ ബ്രദർ ബെന്റ്ലി താടിക്കാരൻ, ബ്രദർ ഫ്രാൻസിസ് ആന്റണി, ബ്രദർ ബേബി തെക്കൻ എന്നിവർ ആശംസ അർപ്പിച്ചു. പ്രസിഡന്റ് ചൊല്ലിക്കൊടുത്ത സത്യപ്രതിജ്ഞ ചൊല്ലി ബോർഡ് അംഗങ്ങൾ ചുമതല ഏറ്റെടുത്തു. പ്രസിഡന്റ് തന്റെ മറുപടി പ്രസംഗത്തിൽ കോൺഫറൻസുകളുടെയും കൗൺസിലുകളുടെയും പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സഹായകരമാകുന്ന പദ്ധതികൾ അവതരിപ്പിച്ചു.

1. 'നിനക്കായി' വിവാഹ പദ്ധതി.
2. 'വിൻസോളസ്' ഡയാലിസിസ് സഹായ പദ്ധതി.
3. OEAS വിദ്യാഭ്യാസ സഹായ പദ്ധതി.
4. കുടുംബാംഗങ്ങളോടൊപ്പം ധ്യാനം.
5. വയോജന സംഗമം.
6. വയോജനങ്ങളെ കുമ്പസാരത്തിനും ദിവ്യകാരുണ്യ സ്വീകരണത്തിനും സഹായിക്കൽ.
7. തിമിര രഹിത ഇടവക ലക്ഷ്യമിട്ട് മെഡിക്കൽ ക്യാമ്പുകൾ.
8. രക്തദാന ക്യാമ്പുകൾ
9. തൊഴിൽരഹിതർക്കായി നൈപുണ്യ വികസന പരിശീലനങ്ങൾ.
10. നേത്രദാനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.
11. എല്ലാവർക്കും ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്ന മെഡിക്കൽ ക്യാമ്പുകൾ.
12. പഴയ വസ്ത്രങ്ങൾ, ഉപകരണങ്ങൾ, പാത്രങ്ങൾ എന്നിവയുടെ ശേഖരണവും വിതരണവും.
13. ജോലിയില്ലാതെ വലയുന്നവർക്ക് ജോലി സഹായ പദ്ധതികൾ.
14. ജയിൽ/ അഗതിമന്ദിരങ്ങൾ സന്ദർശനം
15. ക്യാൻസർ പരിശോധന ക്യാമ്പുകൾ
16. കേശദാനം മഹാദാനം പദ്ധതി
17. വൃദ്ധ സ്ത്രീകളുടെ സംഗമം
18. സ്ത്രീകളുടെ ആരോഗ്യ സംരക്ഷണ സെമിനാറുകൾ
19. വേദോപദേശ ക്ലാസുകളിലൂടെ ജൂനിയർ അംഗങ്ങളെ ആകർഷിക്കുന്ന പദ്ധതികൾ
20. കരിയർ ഗൈഡൻസ് ക്ലാസുകൾ
21. ലഹരി മയക്കുമരുന്ന് വിരുദ്ധ ബോധവൽക്കരണ സെമിനാറുകൾ

മേൽ കാര്യങ്ങളിൽ ഓരോ കോൺഫറൻസുകൾക്കും കൗൺസിലുകൾക്കും നടപ്പിലാക്കാവുന്ന കാര്യങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്ത് നടപ്പിൽ വരുത്തുവാൻ ശ്രമിക്കണമെന്ന് പ്രസിഡന്റ് ഓർമിപ്പിച്ചു.

**നോമ്പുകാല മലയാറ്റൂർ തീർത്ഥാടനം**

എല്ലാ വർഷവുംപോലെ, ഈ വർഷവും നോമ്പിന്റെ ആദ്യവാരത്തിൽ സിസിയുടെ നേതൃത്വത്തിൽ മലയാറ്റൂർ തീർത്ഥാടനം ഭക്തിപൂർവ്വം സംഘടിപ്പിക്കപ്പെട്ടു. ഫെബ്രുവരി 22-ാം തീയതി ഞായറാഴ്ച വൈകിട്ട് 3 മണിക്ക് കാടപ്പാറ വിമലഗിരി മേരി ഇമ്മാക്കുലേറ്റ് പള്ളിയിൽ തീർത്ഥാടകർ എത്തിച്ചേർന്നു. അവിടെ ചുക്കുകാപ്പിയും ചെറുപലഹാരവും നൽകി സ്നേഹപൂർവ്വം സ്വീകരണം ഒരുക്കി.



നമ്മുടെ സിസിയിലെ വിവിധ എ സി കളിൽ നിന്നുള്ള അംഗങ്ങളുടെ മികച്ച പങ്കാളിത്തം ഈ തീർത്ഥാടനത്തിന്റെ പ്രത്യേകതയായി. കാടപ്പാറ പള്ളിയിൽ നടന്ന പ്രാർത്ഥനയ്ക്ക് ശേഷം, തീർത്ഥാടകർ അടിവാരത്തേക്ക് എത്തിച്ചേർന്നു. പ്രാർത്ഥനയിലും ആത്മീയ ധ്യാനത്തിലുമായി, "കുരിശിന്റെ വഴി" ആലപിച്ചുകൊണ്ട് മലകയറി.

എല്ലാവർക്കും മലകയറാൻ സാധിച്ചില്ലെങ്കിലും, പങ്കെടുത്ത ഓരോരുത്തരും ആത്മീയമായ ഒരു അനുഭവം സ്വന്തമാക്കി. സിസിയുടെ പ്രസിഡന്റും തീർത്ഥാടകർക്കൊപ്പം തുടക്കം മുതൽ അവസാനം വരെ സജീവമായി പങ്കെടുത്തു. ഒന്നാം സ്ഥലം മുതൽ പതിനാലാം സ്ഥലം വരെ ക്രമബദ്ധമായ പ്രാർത്ഥനകളും ഗാനങ്ങളും ആലപിച്ചുകൊണ്ട്, ദുഷ്കരമായ മലകയറ്റം ആത്മീയാനുഭവമായി മാറി. ഏകദേശം ഒരു മണിക്കൂറിലധികം സമയമെടുത്ത് തീർത്ഥാടകർ മലമുകളിലെത്തി. മുകളിലെത്തി, ചൂടുള്ള കഞ്ഞിയിലും പങ്കുചേർന്ന് ചെറിയ വിശ്രമത്തിനുശേഷം എല്ലാവരും മലയിറങ്ങി. ഈ വർഷത്തെ തീർത്ഥാടനം പങ്കെടുത്ത എല്ലാവർക്കും ആത്മീയമായ ഒരു അനുഭവമായി മാറി.

ഈ തീർത്ഥാടനം വിജയകരമായി സംഘടിപ്പിക്കാൻ നേതൃത്വം നൽകിയ സിസിയുടെ സോണൽ കോഡിനേറ്റർ ബ്രദർ ബാബു ജോർജ് എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി അറിയിച്ചു. വിശ്വാസവും സഹവാസവും ചേർന്ന ഈ യാത്ര, ഓരോരുത്തരുടെയും ഹൃദയത്തിൽ ഒരിക്കലും മാഞ്ഞുപോകാത്ത ഓർമ്മയായി നിലനിൽക്കും...

# എ. സി. വാർത്തകൾ

## പുത്തൻപള്ളി എ.സി.

### നേത്രദാനത്തെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സ്



സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റി പുത്തൻപള്ളി ഏരിയ കൗൺസിലിന്റെ മീറ്റിംഗിൽ വിൻസെൻഷ്യൻ പ്രവർത്തകർക്കായി നേത്രദാനത്തെക്കുറിച്ച് അങ്കമാലി ഐ ബാങ്ക് മാനേജർ ശ്രീ. ജയേഷ് പാറക്കൽ ഒരു ബോധവൽക്കരണ ക്ലാസ്സ് 2026 ജനുവരി 18 ന് കരുമാല്ലൂർ സെന്റ് തോമസ് പള്ളി പാരീഷ് ഹാളിൽ വച്ച് നടത്തി.

## പാലാരിവട്ടം എ.സി.

### പ്രോവിഡൻസ് ഹോം സന്ദർശിച്ചു



### നോമ്പുകാല ധ്യാനം

പാലാരിവട്ടം എസി യുടെ നേതൃത്വത്തിൽ, വെണ്ണല സെന്റ് മാത്യൂസ് കോൺഫറൻസിൽ സംഘടിപ്പിച്ച നോമ്പുകാല ധ്യാനത്തിൽ ഫാ. ജിറിൽ ചിറക്ക മണവാളൻ ക്ലാസെടുക്കുന്നു.





# കൊരട്ടി എ.സി.

## 1000 കിലോ വസ്ത്രങ്ങൾ ശേഖരിച്ചു



കൊരട്ടി എ.സി. യുടെ നേതൃത്വത്തിൽ ശേഖരിച്ച 1000 കിലോ വസ്ത്രങ്ങൾ ഒറീസയിലുള്ള മേരിനഗർ പള്ളിവികാരി റവ. ഫാ. ജോർജ് താട്ടമ്പറമ്പിലിനു ആലുവ റെയിൽവേ സ്റ്റേഷനിൽ നിന്നും അയക്കുന്നു.

## സൗജന്യ മെഗാ മെഡിക്കൽ ക്യാമ്പ്



തിരുമുടിക്കുന്ന് സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ ലിറ്റിൽ ഫ്ളവർ, സെന്റ് അൽഫോൻസ (വനിത) എന്നീ കോൺഫ്രൻസുകളുടെയും, അമല ഫെല്ലോഷിപ്പ് പന്തക്കൽ യൂണിറ്റിന്റെയും നേതൃത്വത്തിൽ അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ഐ വിഷൻ ഹോസ്പിറ്റൽ ചാലക്കുടി എന്നിവരുടെ സഹകരണത്തോടെ 2026 മാർച്ച് 15 ഞായറാഴ്ച രാവിലെ 8.00 മുതൽ ഉച്ചയ്ക്ക് 2.00 വരെ തിരുമുടിക്കുന്ന് എൽ.എഫ്. ചർച്ച് കമ്മ്യൂണിറ്റി സെന്ററിൽ വച്ച് കിഡ്നി രോഗനിർണ്ണയ ക്യാമ്പും നേത്ര പരിശോധന ക്യാമ്പും സംഘടിപ്പിച്ചു. പള്ളി വികാരി റവ. ഡോ. പോൾ മൂഞ്ഞേലി ഉദ്ഘാടനം നിർവ്വഹിച്ചു. കിഡ്നി രോഗനിർണ്ണയത്തിന് 1000 രൂപ വിലയുള്ള ടെസ്റ്റുകൾ തികച്ചും സൗജന്യമാതി നൽകി. ക്യാമ്പിൽ ഏകദേശം 400 പേർ പങ്കെടുത്തു.

# മലയാറ്റൂർ എ.സി.

## രജത ജൂബിലിയോട് അനുബന്ധിച്ച് നിർമ്മിച്ച ഭവനം ആശീർവദിച്ചു

സെന്റ് തോമസ് ഇടവകയിൽ പ്രവർത്തിക്കുന്ന സെന്റ് തെരേസാസ് വനിതാ കോൺഫറൻസിന്റെ രജത ജൂബിലിയോട് അനുബന്ധിച്ച് പാവപ്പെട്ട കുടുംബത്തിനായി നിർമ്മിച്ച ഭവനത്തിന്റെ ആശീർവാദ കർമ്മം വികാരി റവ. ഫാ. ജോസ് ഓഴലക്കാട്ട് നിർവഹിച്ചു. സി.സി.



പ്രസിഡന്റ് ബ്രദർ ബെന്റ്‌ലി താടിക്കാരൻ, സോണൽ കോഡിനേറ്റർ പി.ഡി. ജോർജ്, എ. സി. ഭാരവാഹികൾ എന്നിവർ പങ്കെടുത്തു. കോൺഫറൻസ് പ്രസിഡന്റ് സിസ്റ്റർ മിനി തോമസ്, ഭവന നിർമ്മാണ കൺവീനർ സിസ്റ്റർ സിമി സാജു, മറ്റു കോൺഫ്രൻസ് അംഗങ്ങൾ എന്നിവർ സന്നിഹിതരായിരുന്നു.

## തൃപ്പൂണിത്തുറ എ.സി.




**കണ്ടനാട് ഇൻഫന്റ് ജീസസ് കോൺഫ്രൻസിന്റെ നേതൃത്വത്തിൽ നടത്തിയ രക്തദാന ക്യാമ്പ്.**

കോൺഫ്രൻസ് പ്രസിഡന്റ് ബ്രദർ ഗ്രിഗറി, ഏരിയ പ്രസിഡന്റ് ബ്രദർ ജോയ് പുത്തൻപുരയ്ക്കൽ മറ്റു കോൺഫ്രൻസ് അംഗങ്ങൾ എന്നിവർക്കൊപ്പം.

**പുതിയകാവ് സെന്റ് ഫ്രാൻസിസ് കോൺഫ്രൻസിന്റെ നേതൃത്വത്തിൽ നടത്തിയ രക്തദാന ക്യാമ്പ്.**




കോൺഫ്രൻസ് പ്രസിഡന്റ് ബ്രദർ പോൾ പി. അഗസ്റ്റിൻ, എ.സി. പ്രസിഡന്റ് ബ്രദർ ജോയ് പുത്തൻപുരയ്ക്കൽ മറ്റു കോൺഫ്രൻസ് അംഗങ്ങൾ എന്നിവർക്കൊപ്പം.

### നോമ്പുകാല ഉപവാസ പ്രാർത്ഥനാദിനം



തൃപ്പൂണിത്തുറ എ.സി.യുടെ ആത്മീയ ഉപദേഷ്ടാവും ഫോറോന വികാരിയുമായ ഫാ. ജോസഫ് താമരവെളി അനുഗ്രഹപ്രഭാഷണം നടത്തുന്നു.

### താക്കോൽ ദാനം നിർവ്വഹിച്ചു



ക്യൂൻമേരി കോൺഫ്രൻസിന്റെ നേതൃത്വത്തിൽ പുതുക്കിപ്പണിത ഭവനത്തിന്റെ താക്കോൽ ദാനം ബഹു. വികാരി ഫാ. പോൾ മാടൻ, കോൺഫ്രൻസ് പ്രസിഡന്റ് ടെൻ സിംങ് ജോർജ് മറ്റു കോൺഫ്രൻസ് അംഗങ്ങളുടെയും സാന്നിദ്ധ്യത്തിൽ നിർവ്വഹിച്ചു.

## വൈറ്റില – പെരുമാന്നൂർ എ.സി.

### വൈറ്റില എസിയും പെരുമാനൂർ എസിയും സംയുക്തമായി നടത്തിയ വാർഷിക നോമ്പുകാല ധ്യാനം

പെരുമാനൂർ-വൈറ്റില എസികൾ സംയുക്തമായി സംഘടിപ്പിച്ച നോമ്പുകാല വാർഷിക ധ്യാനം 2026 മാർച്ച് 8 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 5 മണി വരെ പൂണിത്തുറ സെന്റ് ജെയിംസ് പള്ളിയിൽ വച്ച് നടത്തപ്പെടുകയുണ്ടായി. തൃക്കാക്കര മൈനർ സെമിനാരി സ്പിരിച്വൽ ഫാദർ റവ. ഫാ. ജോമോൻ മാടവനക്കാട് ധ്യാനം നയിച്ചു. 2 എ.സി.കളിൽ നിന്നുമായി 110 വിൻസെൻഷ്യൻ അംഗങ്ങൾ ധ്യാനത്തിൽ പങ്കെടുക്കുകയുണ്ടായി. ധ്യാനത്തിന്റെ അവസാനത്തിൽ നടന്ന ദിവ്യകാരുണ്യ ആരാധനയോടെ ധ്യാനം സമാപിച്ചു. ഓരോരുത്തരും ഇതുവരെ നടത്തിയ പ്രവർത്തനങ്ങളെ സ്വയം വിലയിരുത്താനും ആത്മശോധന നടത്താനും പോരായ്മകൾ പരിഹരിക്കാനും തെറ്റുകുറ്റങ്ങൾ പരസ്പരം ക്ഷമിക്കാനും ആഹ്വാനം ചെയ്ത ബഹു. ജോമോൻ അച്ചന്റെ ധ്യാന പ്രസംഗം എല്ലാ അംഗങ്ങൾക്കും ഒത്തിരി ഹൃദയസ്പർശിയായിരുന്നു. ഒരു പുത്തൻ ഉണർവ്വ് സമ്മാനിച്ച ഈ വാർഷിക ധ്യാനം എല്ലാ സഹോദരങ്ങൾക്കും തങ്ങളുടെ ആദ്ധ്യാത്മിക ജീവിതത്തിലേക്ക് ഒരു പുതിയ വെളിച്ചം പകരുന്നതായിരുന്നു.

## വൈറ്റില എ.സി.

### രക്തദാന ക്യാമ്പ്

കൊച്ചി ഐ.എം.എ യുടെയും പൊന്നുരുന്നി കൊച്ചിൻ ബ്ലഡ് ഡോണേഴ്സ് ഫോറത്തിന്റെയും സഹകരണത്തോടെ വൈറ്റില ഏരിയ കൗൺസിൽ, പൂണിത്തുറ സെന്റ് ജെയിംസ് പള്ളി പാരിഷ് ഹാളിൽ വെച്ച് 2026 മാർച്ച് 22 ഞായറാഴ്ച രാവിലെ 9.00 മുതൽ ഉച്ചയ്ക്ക് 1.00




വരെ ഒരു രക്തദാന ക്യാമ്പ് സംഘടിപ്പിക്കുകയുണ്ടായി. ക്യാമ്പ്, മരട് പോലീസ് സ്റ്റേഷൻ എസ് ഐ ശ്രീ. സാന്റി ഉദ്ഘാടനം ചെയ്തു. യോഗത്തിൽ വൈറ്റില എ.സി. പ്രസിഡന്റ് ബ്രദർ സാജു പാലത്തിങ്കൽ അധ്യക്ഷത വഹിച്ചു. ബഹുമാനപ്പെട്ട സെന്റ് ജെയിംസ് പള്ളി അസിസ്റ്റന്റ് വികാരിയായ റവ. ഫാ. മനു, രക്തദാന സന്ദേശം നൽകി. യോഗത്തിന് ആശംസകൾ അർപ്പിച്ചുകൊണ്ട് ഐ.എം.എ. മെഡിക്കൽ കൗൺസിലർ ശ്രീ. ശ്രീരാഗ്, കൊച്ചിൻ ബ്ലഡ് ഡോണേഴ്സ് ഫോറം പ്രസിഡന്റ് ശ്രീ. രാജീവ് മേനോൻ, സി.സി. സോണൽ കോഡിനേറ്റർ ബ്രദർ ബെന്നി ചെറിയാൻ എന്നിവർ സംസാരിച്ചു. ക്യാമ്പ് കൺവീനർ ബ്രദർ ബെന്നി കെ.വി യോഗത്തിന് സ്വാഗതം ആശംസിക്കുകയും സെന്റ് മദർ തെരേസ കോൺഫറൻസ് പ്രസിഡന്റ് സിസ്റ്റർ ആലീസ് കാക്കനാട് കൃതജ്ഞതയും പ്രകാശിപ്പിച്ചു. 34 യൂണിറ്റ് രക്തം ഈ ക്യാമ്പിലൂടെ സമാഹരിച്ചു.

## മേലൂർ എ.സി.

### മെഡിക്കൽ ക്യാമ്പ്



മേലൂർ സെന്റ് ജോസഫ് കോൺഫറൻസിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച കാരവാൻ മെഡിക്കൽ ക്യാമ്പ്

## കറുകുറ്റി എ.സി.



### രോഗീദിനം ആചരിച്ചു

സെന്റ് സേവിയർ ഫൊറോനാ ഇടവക കോൺഫറൻസിന്റെ നേതൃത്വത്തിൽ 2026 മാർച്ച് 21 ശനിയാഴ്ച രാവിലെ 9.00 മുതൽ ഉച്ചയ്ക്ക് 1.00 വരെ എസ്.ഡി., സി.എം.സി. സന്യാസിനികളുടെ സഹകരണത്തോടെ രോഗീദിനം

ആചരിച്ചു. ആത്മീയോപദേഷ്ടാവ് റവ. ഫാ. മാത്യു ഓനാട്ടുകുഴിയിലിന്റെ കാർമ്മികത്വത്തിൽ വി. കുർബാന, കുമ്പസാരം, വൈദ്യപരിശോധന, സ്നേഹവിരുന്ന്, വേപ്പറൈസർ വിതരണം എന്നീ പരിപാടികളോടെ സംഘടിപ്പിച്ച രോഗീദിന പരിപാടിയിൽ എഴുപതോളം രോഗികൾ പങ്കെടുത്തു. കോൺഫറൻസ് പ്രസിഡന്റ് ബ്രദർ ജോയ്, സെക്രട്ടറി ബ്രദർ ഷാജി, ട്രഷറർ ബ്രദർ ആന്റണി, കോൺഫറൻസ് അംഗങ്ങൾ എന്നിവർ നേതൃത്വം നിർവഹിച്ചു.

## മൂഴിക്കുളം എ.സി.

### നോമ്പുകാല തീർത്ഥാടനം



മൂഴിക്കുളം എസിയുടെ നേതൃത്വത്തിൽ എല്ലാ വർഷവും ഭക്തിപൂർവ്വം നടത്തിവരുന്ന നോമ്പുകാല തീർത്ഥാടനം ഈ വർഷവും അതീവ ആത്മീയ തീക്ഷ്ണതയോടെ നടന്നു. എസിയുടെ ഊർജ്ജസ്വലനായ പ്രസിഡന്റ് ശ്രീ. ബാബു ജോർജിന്റെ നേതൃത്വത്തിൽ, വിവിധ യൂണിറ്റുകളിൽ നിന്നായി ഏകദേശം 200 ഓളം വിൻസൻഷ്യൻ പ്രവർത്തകരും അവരുടെ കുടുംബാംഗങ്ങളും, കൂടാതെ സംഘടനയുടെ അഭ്യുദയകാംക്ഷികളും ചേർന്ന് നാല് വാഹനങ്ങളിലായി ഈ വിശുദ്ധ യാത്രയിൽ പങ്കെടുത്തു.

വിശുദ്ധ തോമാശ്ലീഹ സ്ഥാപിച്ച ഏഴര പള്ളികളിൽ ഒന്നായ കോട്ടയ്ക്കാവ് പള്ളിയിലെ സന്ദർശനത്തോടെയാണ് തീർത്ഥയാത്രയ്ക്ക് തുടക്കമായത്. പള്ളി വികാരി ഫാ. സെബാസ്റ്റ്യൻ വടക്കുമ്പാടൻ പള്ളിയുടെ ചരിത്രവും ഐതിഹ്യങ്ങളും നർമ്മരസത്തോടെ വിശദീകരിച്ചത് എല്ലാവർക്കും അറിവും ആനന്ദവും പകർന്നു. തുടർന്ന് തീർത്ഥാടകർ ചവറ പിതാവിന്റെ പാദസ്പർശമേറ്റ കൂനമ്മാവ് ദേവാലയത്തിലേക്ക് യാത്രയായി. മ്യൂസിയവും ദേവാലയവും സന്ദർശിച്ച ശേഷം, കൂനമ്മാവ് എന്ന നാമത്തിന്റെ ഉത്ഭവവും ചവറ പിതാവ് കൊണ്ടുവന്ന പ്രയോർ മാങ്ങയുടെ ചരിത്രവും അറിയാൻ സാധിച്ചു. ചരിത്രപ്രസിദ്ധമായ വല്ലാർപാടം ബസിലിക്കയിലെ ഭക്തിപൂർവ്വകമായ സന്ദർശനവും യാത്രയിലെ പ്രധാന ഘടകമായി. ഉച്ചഭക്ഷണത്തിന് ശേഷം പള്ളിയങ്കണം ചുറ്റി കാണുകയും, ഒരുമിച്ച് കൊന്ത ചൊല്ലുകയും ചെയ്തത് ആത്മീയ ഐക്യത്തിന്റെ മനോഹരമായ അനുഭവമായി.

പരിശുദ്ധ അമ്മ പ്രത്യക്ഷപ്പെട്ടതായി വിശ്വസിക്കുന്ന എടവനക്കാട് വിശുദ്ധ അംബ്രോസ് പള്ളിയും തുടർന്ന് പ്രസിദ്ധമായ പള്ളിപ്പുറം മഞ്ഞുമാതാ പള്ളിയും സന്ദർശിച്ചു. അവസാനമായി അഴീക്കോട് മാർ ത്തോമ കേന്ദ്രത്തിലെത്തിയ തീർത്ഥാടകർക്ക് ഹൃദയസ്പർശിയായ സ്വീകരണം ലഭിച്ചു. വൈദികരുടെ ആത്മീയ സന്ദേശങ്ങളും വിവിധ പുണ്യാത്മാക്കളുടെ തിരുശേഷിപ്പുകൾ വണങ്ങാനുള്ള അവസരവും ഈ യാത്രയെ കൂടുതൽ ദൈവാനുഭവമുള്ളതക്കി മാറ്റി. ഈ ആത്മീയ യാത്രയെ വിജയകരമാക്കിയ മൂഴിക്കുളം എസിയേയും പ്രസിഡന്റ് ബ്രദർ ബാബു ജോർജിനെയും എല്ലാവരും മുക്തകണ്ഠം പ്രശംസിച്ചു.

## നോമ്പുകാല വാർഷിക ധ്യാനം കുറുമശ്ശേരിയിൽ നടന്നു



സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി മൂഴിക്കുളം എ.സിയുടെ നേതൃത്വത്തിൽ നോമ്പുകാല വാർഷിക ധ്യാനം മാർച്ച് 28 ശനിയാഴ്ച കുറുമശ്ശേരി ലിറ്റിൽ ഫ്ളവർ ദേവാലയത്തിൽ വച്ച് നടന്നു. രാവിലെ 9:30 ന് രജിസ്ട്രേഷനോടുകൂടി ആരംഭിച്ച ധ്യാനത്തിൽ വിവിധ കോൺഫറൻസുകളിൽ നിന്നായി 200 ഓളം അംഗങ്ങൾ പങ്കെടുത്തു. കുറുമശ്ശേരി കോൺഫറൻസ് പ്രസിഡന്റ് ബ്രദർ പി.പി. ജോയ് സ്വാഗതം ആശംസിച്ചു. സി.സി. പ്രസിഡന്റ് ബ്രദർ പീറ്റർ സെബാസ്റ്റ്യൻ ചടങ്ങിൽ വിശിഷ്ടാതിഥിയായിരുന്നു. നോമ്പുകാലത്തെ സമ്പാദ്യത്തിൽ നിന്ന് ഒരു ഭാഗം സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്കായി മാറ്റിവെക്കണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. പ്രശസ്ത ധ്യാനചിന്തകൻ ഫാ. ജിനു പള്ളിപ്പാട്ട് ധ്യാനത്തിന് നേതൃത്വം നൽകി. ഹൃദ്യമായ പ്രഭാഷണത്തിന് ശേഷം കുമ്പസാരത്തിനുള്ള സൗകര്യവും പരിശുദ്ധ കുർബാനയും ഒരുക്കിയിരുന്നു. ഇടവക വികാരി ഫാ. സാൻജോ കണ്ണമ്പിള്ളി ചടങ്ങിൽ ആശംസകൾ അറിയിച്ചു.

## തലയോലപ്പറമ്പ് എ.സി.

## ആയുർവേദ മെഡിക്കൽ ക്യാമ്പ്

തലയോലപ്പറമ്പ് എ.സി. യിലെ സെന്റ് ജോൺസ് കോൺഫറൻസും ഇടവക ഫാമിലി യൂണിയൻ കേന്ദ്ര കമ്മിറ്റിയും ചേർന്ന്, മൂവാറ്റുപുഴ



പുനർജിത്ത് ആയുർവേദ ആശുപത്രിയുടെ സഹകരണത്തോടെ ആയുർവേദ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. ഇടവക വികാരി ഉദ്ഘാടനം നിർവ്വഹിച്ച ഈ ക്യാമ്പിൽ 200-ൽ പരം പേർ പങ്കെടുത്തു.

## വാർഷിക ധ്യാനം



2025 ഡിസംബർ 14-ന് രാവിലെ 10.30 മുതൽ പൊതി സെന്റ് ആന്റണിസ് കോൺഫറൻസിൽ തലയോലപ്പറമ്പ് എ.സി.യുടെ വാർഷിക ധ്യാനം നടന്നു. റവ. ഫാ. നിക്കോളാവോസ് പുന്നക്കൽ ധ്യാനം നയിച്ചു. റവ. ഫാ. പോൾ വെള്ളറക്കലിന്റെ മഹനീയ സാന്നിധ്യത്തിൽ എല്ലാ കോൺഫ്രൻസ് പ്രസിഡന്റുമാരും അംഗങ്ങളും പങ്കെടുത്ത ഈ പരിപാടിയിൽ ധ്യാനം, ആരാധന, വി. കുർബാന എന്നിവ നടത്തി. തുടർന്ന് എ.സി. യോഗവും ഉച്ചഭക്ഷണവും കഴിഞ്ഞ് പരിപാടി സമാപിച്ചു.



## വയോജന സംഗമം

വടയാർ സെന്റ് ഫ്രാൻസിസ് അസീസി കോൺഫറൻസിന്റെ നേതൃത്വത്തിൽ 2026 മാർച്ച് 22-ന് ഞായറാഴ്ച വയോജന സംഗമം സംഘടിപ്പിച്ചു. കോൺഫറൻസ് പ്രസിഡന്റ് രഞ്ജിത്ത് ചാലുവലി സ്വാഗതം ആശംസിച്ച ചടങ്ങിൽ ആത്മീയ ഉപദേഷ്ടാവും കോൺഫറൻസ് ഡയറക്ടറുമായ ഫാ. സെബാസ്റ്റ്യൻ ചണ്ണാപള്ളി സന്ദേശം നൽകി. തുടർന്ന് സെക്രട്ടറി ബെന്നി കരീമഠം നന്ദി രേഖപ്പെടുത്തി. പരിപാടിയുടെ ഭാഗമായി വിശുദ്ധ കുർബാന, കുമ്പസാരം, സ്നേഹവിരുന്ന്, കേക്ക് മുറിക്കൽ എന്നിവയും നടത്തി. വയോജന സംഗമത്തിൽ നൂറോളം പേർ പങ്കെടുത്തു.

## വയോജന – രോഗീദിന സംഗമം



വല്ലകം സെന്റ് മേരീസ് കോൺഫറൻസിന്റെ നേതൃത്വത്തിൽ മാർച്ച് 8 ന് വയോജനരോഗീദിന സംഗമം സംഘടിപ്പിച്ചു. 70 വയസിന് മുകളിലുള്ളവരും വിവിധ രോഗങ്ങളാൽ ദേവാലയത്തിൽ പതിവായി എത്താൻ കഴിയാത്തവരുമായ നൂറിലധികം പേർ പരിപാടിയിൽ പങ്കെടുത്തു. രാവിലെ 8.30 മുതൽ കുമ്പസാരം ആരംഭിച്ചു. തുടർന്ന് 9.30 ന് ദിവ്യബലി അർപ്പിച്ചു. കോൺഫറൻസിന്റെ ആത്മീയ ഉപദേഷ്ടാവായ റവ. ഫാ. ടോണി കോട്ടക്കൽ ദിവ്യബലിക്ക് കാർമികത്വം വഹിച്ചു. തുടർന്ന് അനുമോദന സമ്മേളനവും സ്നേഹവിരുന്നും സംഘടിപ്പിച്ചു. പങ്കെടുത്ത എല്ലാവർക്കും സമ്മാനങ്ങളും വിതരണം ചെയ്തു.



## ഔട്ട്റീച്ച് പ്രോഗ്രാം

തലയോലപ്പറമ്പ് എ.സി. യുടെ ആഭിമുഖ്യത്തിൽ നോമ്പുകാല പ്രവർത്തനങ്ങളുടെ ഭാഗമായി കോൺഫറൻസ് അംഗങ്ങളെ ഉൾപ്പെടുത്തി 2026 മാർച്ച് 15 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3.00 ന് ഒരു ഔട്ട്റീച്ച് പ്രോഗ്രാം സംഘടിപ്പിച്ചു. ഏകദേശം 187-ഓളം അന്തേവാസികൾ കഴിയുന്ന ചാലക്കപ്പാറയിലെ 'ദി പെലിക്കൻ സെന്റർ' ആണ് അംഗങ്ങൾ സന്ദർശിച്ചത്. അന്തേവാസികൾക്കൊപ്പം പാട്ടുകൾ പാടിയും വിവിധ വിനോദങ്ങളിൽ ഏർപ്പെട്ടും ആ സായാഹ്നം സജീവമാക്കി. സന്ദർശനത്തിന്റെ ഭാഗമായി അവിടെ വെച്ച് തന്നെ ഔദ്യോഗികമായ എ.സി. യോഗം ചേരുകയുണ്ടായി. സെന്ററിലെ അന്തേവാസികൾക്കൊപ്പം സ്നേഹവിരുന്നിൽ പങ്കുചേർന്ന ശേഷമാണ് അംഗങ്ങൾ മടങ്ങിയത്. പങ്കെടുത്ത എല്ലാവർക്കും ആത്മീയമായും മാനസികമായും വലിയൊരു അനുഭവം പകരുന്നതായിരുന്നു ഈ സന്ദർശനം.

## വയോജന – രോഗീദിന സംഗമം സംഘടിപ്പിച്ചു

തലയോലപ്പറമ്പ് എ.സി.യിലെ പൊതി സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ, പൊതി സെന്റ് ആന്റണിസ് ചർച്ച് കോൺഫറൻസിന്റെ നേതൃത്വത്തിൽ മാർച്ച് 29-ന് ഓശാന



ഞായറാഴ്ച വയോജന -രോഗീദിന സംഗമം നടത്തി. 65 വയസിന് മുകളിലുള്ളവരും വിവിധ രോഗങ്ങളാൽ ദേവാലയത്തിൽ പതിവായി എത്താൻ കഴിയാത്തവരുമായ 100-ൽ പരം പേർ പങ്കെടുത്തു. രാവിലെ കുമ്പസാരത്തിനുശേഷം ദിവ്യബലി അർപ്പിച്ചു. ആത്മീയ ഉപദേഷ്ടാവ് റവ. ഫാ. പോൾ വെള്ളറക്കൽ കാർമികത്വം വഹിച്ചു. തുടർന്ന് അനുമോദന സമ്മേളനവും സ്നേഹവിരുന്നും നടത്തി, പങ്കെടുത്ത എല്ലാവർക്കും സമ്മാനങ്ങൾ വിതരണം ചെയ്തു.

## കിഴക്കമ്പലം എ.സി.

### ബ്ലഡ് ഡൊണേഷൻ ക്യാമ്പ്



കിഴക്കമ്പലം ഏരിയ കൗൺസിലിലെ ഊരക്കാട് കോൺഫറൻസ് 2026 മാർച്ച് 22 ന് ബ്ലഡ് ഡൊണേഷൻ ക്യാമ്പ് നടത്തി. വനിതകൾക്ക് കൂടുതൽ രക്തദാനത്തിന് അവസരം നൽകുന്ന രീതിയിൽ തുടർച്ചയായി രണ്ടാം വർഷമാണ് ഈ ക്യാമ്പ് നടത്തുന്നത്.

## വല്ലം എ.സി.



### നോമ്പുകാല സന്ദർശനം

വല്ലം എ.സി. യിലെ പുല്ലുവഴി സെന്റ് തോമസ് കോൺഫറൻസ് അംഗങ്ങളും കുടുംബാംഗങ്ങളും, മണ്ണൂർ ബദനി സ്നേഹാലയത്തിൽ നോമ്പുകാല സന്ദർശനം നടത്തി.

### ശ്രേഷ്ഠജന സംഗമം

വല്ലം എ.സി. യിലെ ചേരാനല്ലൂർ കോൺഫറൻസ് 2026 മാർച്ച് 28 ശനിയാഴ്ച ശ്രേഷ്ഠജന സംഗമം സംഘടിപ്പിച്ചു. 70 വയസ്സിനു മുക



ളിൽ ഉള്ള 130 പേർ സംഗമത്തിൽ പങ്കുചേർന്നു. കുമ്പസാരം, വി കുർബാന, അനുമോദന യോഗം, സ്നേഹ വിരുന്ന് എന്നിവ ഉണ്ടായിരുന്നു. ഇടവക വികാരി ബഹു. തോമസ് പെരുമായൻ അച്ചന്റെയും എസ്.ഡി. കോൺവെന്റ് മദർ ബഹു. സിസ്റ്റർ പ്രീതയുടെയും നേതൃത്വത്തിൽ ചേരാനല്ലൂർ കോൺഫറൻസ് അംഗങ്ങൾ കുടുംബസമേതം സംഗമത്തിൽ പങ്കുചേർന്നു.



### നോമ്പുകാല സന്ദർശനം

വല്ലം എ.സി. യിലെ ആയത്തുപടി OLPH കോൺഫറൻസിന്റെ നേതൃത്വത്തിൽ അംഗങ്ങൾ കുടുംബസമേതം കല്ലൂർക്കാട് ശാന്തി ആശ്രമത്തിൽ നോമ്പുകാല സന്ദർശനം നടത്തി.

### ഭക്ഷ്യകിറ്റ് വിതരണം

ഈസ്റ്ററിനോടുനബന്ധിച്ച് വല്ലം എ.സി. യിലെ കൂടാലപ്പാട് സെന്റ് ജോർജ് കോൺഫറൻസ് അംഗങ്ങൾ ഇടവകയിലെ 43 കുടുംബങ്ങൾ സന്ദർശിക്കുകയും 13 ഇനങ്ങൾ അടങ്ങിയ ഭക്ഷ്യകിറ്റ് വിതരണം ചെയ്യുകയും ചെയ്തു. കൂടാതെ കിടപ്പു രോഗികളെ സന്ദർശിച്ച് ബഹുമാനപെട്ട ചാരിറ്റി കോൺവെന്റ് മദർ സുപ്പീരിയറിന്റെ നേത്രത്വത്തിൽ പ്രാർത്ഥന നടത്തുകയും അവരോടൊപ്പം കുറേ സമയം അംഗങ്ങൾ ചെലവഴിക്കുകയും ചെയ്തു.

## മുട്ടം എ.സി.



### ഭവനം നവീകരിച്ചു

ചേർത്തല മുട്ടം എ.സി. യിലെ നെടുംമ്പ്രക്കാട് ലിറ്റിൽ ഫ്ളവർ ലേഡീസ് കോൺഫറൻസിന്റെ നേതൃത്വത്തിൽ നവീകരിച്ച് നൽകിയ ഭവനം.

# വൈക്കം എ.സി.

## കുടുംബ നവീകരണ ധ്യാനം



വൈക്കം ഏരിയ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ 2026 മാർച്ച് 22 ഞായറാഴ്ച രാവിലെ 10.00 മുതൽ 1.00 വരെ നോമ്പുകാലത്തോടനുബന്ധിച്ച് നടന്ന കുടുംബ നവീകരണ ധ്യാനത്തിൽ 13 കോൺഫറൻസുകളിൽ നിന്നായി 140 പേർ പങ്കെടുത്തു. വികാരി ബർക്കുമെന്റ്സ് കൊടുക്കലിന്റെ ആമുഖ സന്ദേശത്തെ തുടർന്ന മിസ്റ്റർ ജോർജ് പാണ്ട്യത്തുപറമ്പിൽ ധ്യാന പ്രസംഗം നടത്തി. ദിവ്യകാരുണ്യ ആരാധനയോടെ ധ്യാനം സമാപിച്ചു. സ്നേഹവിരു ന്നും ഉണ്ടായിരുന്നു.

## നോയമ്പുകാല ശുശ്രൂഷകൾ സംഘടിപ്പിച്ചു

വൈക്കം എ.സി. യിലെ വിവിധ കോൺഫറൻസുകളുടെ നേതൃത്വത്തിൽ നടത്തിയ നോയമ്പുകാല ശുശ്രൂഷകൾ

**വൈക്കം**
**സെന്റ് ജോസഫ് ➢**
**കോൺഫറൻസ്**





**ഉല്ലല**
**➢ ലിറ്റിൽ ഫ്ളവർ**
**കോൺഫറൻസ്**

**കൊതവറ**
**സെന്റ് സേവ്യർ ➢**
**കോൺഫറൻസ്**





# വായനക്കാരുടെ പ്രതികരണം

നമ്മുടെ ജനുവരി മാസത്തെ "ഉപവി" വളരെ ആകർഷകവും ഹൃദയഹാരിയുമായി തോന്നി. കെട്ടിലും മട്ടിലും ശ്രദ്ധേയമായ മാറ്റങ്ങൾ കൊണ്ടുവന്നിരിക്കുന്നത് പ്രത്യേകം അഭിനന്ദനാർഹമാണ്. കൂടുതൽ വാർത്തകൾ ഉൾപ്പെടുത്തിയതിലൂടെ വായനയുടെ സമൃദ്ധി വർധിപ്പിച്ചിരിക്കുന്നു. കവർപേജ് അതീവ ആകർഷകമാണ്. അത് കാണുന്നയുടൻ തന്നെ ഇതിലെ പ്രധാന വിഷയങ്ങൾ എന്തൊക്കെയാണെന്ന് വായനക്കാർക്ക് വ്യക്തമായി മനസ്സിലാക്കാൻ കഴിയുന്നു എന്നത് വലിയൊരു പ്രത്യേകതയാണ്.

ഇടയ്ക്കിടെ ചില പേജുകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന മഹത് വചനങ്ങളും വളരെ ഉചിതവും പ്രചോദനകരവുമാണ്. ഇനിയും ഇത്തരത്തിലുള്ള നല്ല മാറ്റങ്ങൾ കൊണ്ടുവന്ന് കൂടുതൽ അംഗങ്ങളെ "ഉപവി" വായനയിലേക്ക് ആകർഷിക്കാനാകട്ടെ എന്ന് ആശംസിക്കുന്നു. നന്ദി

ബ്രദർ നോബിൽ മാത്യു, സെന്റ് ആന്റണിസ് കോൺഫറൻസ്,
പൊതി, തലയോലപ്പറമ്പ് എ.സി.

✧✧✧✧✧✧✧✧✧✧

'ഉപവി" കഴിഞ്ഞ മാസങ്ങളിലെ സി.സി. പ്രവർത്തനങ്ങളുടെ ഒരു സമഗ്ര പ്രതിഫലനമാണ്. ഇതിന് പിന്നിലെ പരിശ്രമം മനസ്സിലാക്കി, അത് അംഗങ്ങൾ പൂർണ്ണമായി പ്രയോജനപ്പെടുത്തേണ്ടതാണ്. പ്രവർത്തനങ്ങൾ മനസ്സിലാക്കാനും മാതൃകാപരമായ കാര്യങ്ങൾ ഏറ്റെടുക്കാനും ഇത് സഹായിക്കുന്നു. "കൂടുതൽ ചെയ്യാം" എന്ന എഡിറ്റോറിയൽ സന്ദേശം നമുക്ക് പ്രചോദനമാകട്ടെ.

പകൽവീട് പോലുള്ള പ്രവർത്തനങ്ങൾ ഇന്നത്തെ സാഹചര്യത്തിൽ ഏറെ പ്രസക്തമാണ്. ക്രിസ്മസ് പോലെ ഈസ്റ്റർ ആഘോഷങ്ങൾക്കും സജ്ജരാകേണ്ട സമയമാണിത്. മരണമടഞ്ഞ പ്രവർത്തകരെ സ്മരിച്ചുകൊള്ളുന്നു.

എല്ലാ പ്രവർത്തകരുടെയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വാഗതം ചെയ്യുന്നു എന്ന് അറിഞ്ഞതിൽ സന്തോഷം. "ഉപവി" കൂടുതൽ സമൃദ്ധമാക്കാൻ എല്ലാവരുടെയും പങ്കാളിത്തം അനിവാര്യമാണ്.

ബ്രദർ ജോർജ് പ്ലാക്കൽ, ലിറ്റിൽ ഫ്ളവർ കോൺഫറൻസ്,
കുറുമശ്ശേരി, മൂഴിക്കുളം എ.സി.



# നേത്രദാനം മഹാദാനം

1. അന്ധർക്ക് കാഴ്ച നൽകാൻ വേണ്ടി മരണശേഷം നേത്രപടലം (കോർണിയ) ദാനം ചെയ്യുന്നതാണ് നേത്രദാനം. മരണശേഷം മാത്രമേ നേത്രദാനം സാദ്ധ്യമാകൂ. മരണശേഷം എത്രയും വേഗം, വൈകിയാൽ 6 മണിക്കൂറി നുള്ളിലെങ്കിലും നേത്രപടലം (കോർ ണിയ) എടുത്ത് പ്രത്യേകം ലായനിയിൽ സംരക്ഷിച്ചാൽ രണ്ട് അന്ധർക്ക് കാഴ്ച നൽകാവുന്നതാണ്.

2. നേത്രപടലം (കോർണിയ) എടുക്കുമ്പോൾ അവിടെ നിന്ന് രക്തമോ മറ്റ് സ്രവങ്ങളോ വരികയില്ല. മൃതദേഹത്തിൽ നിന്നും നേത്രപടലം (കോർണിയ) എടുത്ത് മാറ്റുന്ന പ്രക്രിയ 30 മിനിറ്റിൽ കൂടുതൽ എടുക്കാറില്ല. നേത്രപടലം (കോർണിയ) എടുത്തതിന് ശേഷം പകരം കൃത്രിമ നേത്രപടലം (കോർണിയ) വച്ച് പിടിപ്പിക്കു ന്നതിനാൽ മുഖം വികൃതമാകുന്നില്ല.

3. രണ്ട് വയസ്സിന് മേൽ പ്രായമുള്ള വർക്ക് നേത്രദാനം നടത്താവുന്നതാണ്. കണ്ണിലെ ക്യാൻസർ, ഹെപ്പറ്റൈറ്റിസ്, എയ്ഡ്സ്, പേ വിഷബാധ, കൊറോണ/ കോവിഡ്- 19 മുതലായ അസുഖങ്ങൾ ബാധിച്ച് മരിച്ചവരുടെ നേത്രങ്ങൾ എടുക്കുന്നതല്ല. ജന്മനാ കാഴ്ച വൈകല്ല്യമുള്ള വ്യക്തിയാണെങ്കിലും നേത്രപടലത്തിന് (കോർ ണിയയ്ക്ക്) തകരാറില്ലെങ്കിൽ നേത്രദാനം ചെയ്യാവുന്നതാണ്

4. ഭാരതത്തിൽ ഏകദേശം 2 ലക്ഷം പേർക്ക് നേത്രദാനത്തിലൂടെ കാഴ്ച നൽകുവാൻ സാധിക്കും. പക്ഷെ നേത്രപടലങ്ങളുടെ (കോർണിയുടെ) ലഭ്യതക്കുറവുമൂലം 25,000 ത്തോളം പേർക്കേ നേത്രദാനം വഴി കാഴ്ച നൽകാൻ സാധിക്കുന്നുള്ളൂ.

5. മത-രാഷ്ട്രീയ നായകർ, ജനപ്രതി നിധികൾ തുടങ്ങി സാധാരണക്കാരായ ജനങ്ങൾ ഉൾപ്പെടെ പതിനായിരക്കണ ക്കിനാളുകൾ നേത്രദാനസമ്മതം എഴുതികൊടുത്തിട്ടുണ്ട്. പക്ഷെ മരണാനന്തരം അവകാശികൾ പലപ്പോഴും നേത്രദാനത്തിന്റെ കാര്യം വിസ്മരിച്ചും, എവിടെ അറിയിക്കണം എന്ന് അറിയാത്തതുമൂലവും നേത്രദാനം പല പ്പോഴും സഫലമാകുന്നില്ല. സ്വന്തം നേത്രങ്ങൾ ദാനം ചെയ്യുന്നതുപോലെ പ്രാധാന്യമുള്ള കാര്യമാണ് മറ്റുള്ളവരെ നേത്രദാനത്തിന് പ്രേരിപ്പിക്കുന്നത്.

6. ഒരാൾ മരിച്ചാൽ അയാളുടെ ബന്ധുക്കളാണ് പരേതന്റെ നേത്രപടലങ്ങൾ (കോർണിയകൾ) ദാനം ചെയ്യണമോ വേണ്ടയോ എന്ന് തീരുമാനിക്കുന്നത്. ഇക്കാര്യത്തിൽ ചാലക ശക്തിയാകാൻ നിങ്ങൾക്ക് കഴിയട്ടെ.

7. ദാനമായി ലഭിക്കുന്ന നേത്രപടലങ്ങൾ (കോർണിയകൾ) ശേഖരിച്ച് അന്ധർക്ക് നൽകി കാഴ്ച നൽകുക എന്ന ലക്ഷ്യത്തോടെ 1970 ൽ സ്ഥാപിതമായ ചാരിറ്റബിൾ സൊസൈറ്റിയാണ് അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയിൽ പ്രവർത്തിക്കുന്ന നേത്രബാങ്ക് അസോസിയേഷൻ കേരള. 55 വർഷത്തെ പ്രവർത്തന ഫലമായി ഏകദേശം ഇരു പത്തയ്യായിരത്തോളം നേത്രപടലങ്ങൾ (കോർണിയകൾ) ശേഖരിക്കുവാനും ഇരുപതിനായിരത്തിലധികം അന്ധർക്ക് കാഴ്ച നൽകുവാനും സാധിച്ചിട്ടുണ്ട്. ഈ നേത്രബാങ്കിന് കീഴിൽ 10 നേത്ര ശേഖരണ കേന്ദ്രങ്ങളും, 150 നേത്രദാന ഫോറങ്ങളും പ്രവർത്തിക്കുന്നുണ്ട്.

**നേത്രദാനത്തിന് ബന്ധപ്പെടുക**

**Mob: 9747115757, 9400115665 (24 hours Service)**
**Ph : 0484 - 2675740**

## പരേതർക്ക് ആദരാഞ്ജലി അർപ്പിക്കുകയും നിത്യശാന്തി നേരുകയും ചെയ്യുന്നു



വൈക്കം എ.സി. കൊട്ടാരപള്ളി കോൺഫ്രൻസില അംഗമായ ബ്രദർ അനീഷ് അടിച്ചിയിൽ നിര്യാതനായി.





കൊരട്ടി എ.സി. യിലെ മംഗലശ്ശേരി സെന്റ് തോമസ് കോൺഫറൻസ് അംഗം വാഴപ്പിള്ളി ഔസേപ്പ് മകൻ ബ്രദർ ദേവസിക്കുട്ടി നിര്യാതനായി



ചേർത്തല മുട്ടം എ.സി. കാവിൽ സെന്റ് മൈക്കിൾസ് കോൺഫറൻസിലെ സജീവാംഗമായിരുന്ന ബ്രദർ വിജയൻ കളേഴത്ത് നിര്യാതനായി.



ചേർത്തല മുട്ടം എ.സി, കാവിൽ സെന്റ് മൈക്കിൾസ് കോൺഫറൻസിലെ സജീവാംഗമായിരുന്ന ബ്രദർ ജോണി തച്ചാറ നിര്യാതനായി.

# പുതിയ സി.സി. ബോർഡ് മെമ്പേഴ്സ്

1. Spiitual Advisor :
Rev. Fr. Thomas (Joy) Perumayan
Vicar, St. Xavier's Church,Cheranelloor - 683544
☎ : 9447235989

2 President :
(Monitoring all activities of Ernakulam Central Council)
Br. Peter Sebastian
Chittinappilly (H), East Nagar-25, Angamaly Pin : 683 572
☎ : 94460 41730

3 Senior Vice President
(Formation, Extension, Aggregation & Liturgy)
Br. Bently Thadikkaran
Yesubhavan, Ezhikkara P.O., N. Paravur - 683 513
☎ : 9947280002

4 Secretary
(Administration, Correspondence, Registration of ACs, CC Meetings & Programs)
Br. P.A. Martin Roy
S/o P.P. Antony, Padupurakkal, Udayamperoor - 682307.
☎ : 9847418175

5 Treasurer
(Monitoring financial activities of the CC and preparation of financial reports)
Br. Kurian T. C
Thaliyan House, Thuravoor P.O, Angamaly -683572
☎ : 9495386347

6 Vice President
(Internal Twinning, Annual Reports & Trainings)
Br. George Joseph
Thekkanath (H), Thuruthukara, Kizhakambalam P.O Pin- 683562.
☎ : 9947816128

7 Vice President
(Maintenance of Ozanam Care Centre & Vinsolace Project)
Br. C.P. Sebastian
Chirackal Airookkaran, Paduvapuram P.O, Panthakal, Karukutty - 683 582
☎ : 9495690597

8 Vice President
(Monitoring Jubi Loans)
Br. Tomichan Indikuzhyil
Indikuzhyil (H), CMC-18, Cherthala P.O- 688524
☎ : 9846837777

9 Vice President
(Monitoring & promotion of Youth Activities, Office Maintenance, Assiting OCC activities)
Br. Jiji Mathew. 41/2891, Providance Cross Road,Ernakulam, - 682 018.
☎ : 9846244600

10 Vice President
(Monitoring & promotion of ladies' activities of the CC)
Sr. Leema Jose. Valooran (H), Koratty P.O. Thrissur Dt - 680308.
☎ : 9895660221

11 Projects - Coordinator
(Monitoring & Helping all projects, follow up of Ozanam Education Assistance Scheme (OEAS) and other education help schemes)
Br. Biju Raphael
Thottankara House, Koodalapad,
Koovapady P.O, 683544 .
☎ : 9947935033

12 Publications - Coordinator
(Publications, Diary, Assisting website maintenance, YouTube channel & WhatsApp Groups)
Br. Johnson Chacko
J.J. Paramban (H),
Thanneermukkom P.O.,
Alapuzha District- 688527.
☎ : 9446922665

13 Audit Co-ordinator
(Monitoring yearly audit of Conferences, Projects, ACs & CC. Follow up of monthly reports from ACs - Retreats / Vincentian Family Retreats)
Br. Geo Mathai.
Chakkichery H, Angamaly,
Pin- 683572.
☎ : 9961027432

14 IT Co-ordinator .
(Development of online reporting, website and other computer programs)
Br. Lijoe Johny. 1st Floor, LIC Building, Vaduthala,
Kochi - 682023.
☎ : 8893889777

15 Zonal Co-ordinator - 1
(Monitoring activities of Meloor, Koratty & Karukutty ACs - In charge of "Cataract Free diocese" project)
Br. Antony Santhosh .
Veliyathuparambil house,
Meloor P.O., Chalakudy - 680311
☎ : 9847122016

16 Zonal Co-ordinator - 2.
(Monitoring activities of Angamaly, Thuravoor & Manjapra ACs - In charge of Confession & Holy Communion to Old aged & Old age sangamam)
Br. Stephen M C
Mulavarikal House, Chully P.O,
Pin - 683581, Manjapara
☎ : 9495359176

17 Zonal Co-ordinator - 3.
(Monitoring activities of Kanjoor, Malayatoor & Vallom ACs - In charge of "Donate blood & Save lives" Project)
Br. P.V. Stephen.
Painadath, Parappuram P.O.,
Kanjoor - 683575,
☎ : 9847371916

18 Zonal Co-ordinator - 4
(Monitoring activities of Moozhikulam, Aluva & Kizhakambalam ACs - In charge of "Vocational training / Job skill trainings to the needy" projects & Various Pilgrimages)
Br. Babu George.
Chitteth (H), Kurumassery P O,
Pin - 683579.
☎ : 9446216743

19 Zonal Co-ordinator - 5
(Monitoring activities of Ernakulam, Puthenpally & Paravur ACs - In charge of "Make your eyes alive after death" project)
Br. Johnson Earalil,
Earalil (H), Ezhikkara PO,
N. Paravoor - 683513.
☎ : 9037885349

20 Zonal Co-ordinator - 6
(Monitoring activities of Palarivattom, Perumanoor & Vyttila ACs - In charge of "Health for all - General Medical Camps" project)
Br. Benny Cherian.
Kureekkal, P.R.A F8,
Chaithanya Lane, Thrikkakara P.O.,
Kochi -682021
☎ : 7025730483

21 Zonal Co-ordinator - 7
(Monitoring activities of Thripunithura, Thalayolaparambu & Vaikom ACs - In charge of "Old cloths / equipment/ utensils-collection & distribution" project)
Br. Mathachan K.P.
Kolarathoppil (H), Midayikunnu P.O., Thalayolaparambu - 686605.
☎ : 9446205659

22 Zonal Co-ordinator - 8
(Monitoring activities of Kokamangalam, Muttom & Pallipuram ACs - In charge of " Building careers to the needy" project)
Br. Jose Ponnezhath
Ponnezhath H, CMC-11,
Cherthala P O, Alappuzha-688524
☎ : 9847035532

23 Jt Secretary
(Assisting secretary, Board Meetings, Record keeping, Public Relations and Ninakai Project)
Br. Xavier John
Puthanangady Veluthedath, Pallipurathussery P.O., Vaikom - 686606, ☎ : 9447506988

24 Jt Treasurer
(Assisting Treasurer, 80 G account monitoring, Twinning Accounts, Jubi Loans accounting)
Br. O.P. Antony. Urumbath House, Thaikkattukara P.O. Aluva, Pin- 683106. ☎ : 9400728738

25 Lady Representative - 1
(Monitoring & promotion of ladies' activities of Zone 1, 2, 3 and promotion of Cancer detection camps for ladies )
Sr. Mary Salin. Kottarathil House, Vimalagiri, Malayatoor P.O. Pin- 683587. ☎ : 9947128629

26 Lady Representative- 2
(Monitoring & promotion of ladies' activities of Zone 4,5, 6 and Promotion of Kesadanam - Mahadanam project)
Sr. Angel Pathrose.
Kaithakathara House, Konthuruthy, Kochi - 682011. ☎ : 9847321455

27 Lady Representative - 3
(Monitoring & promotion of ladies' activities of Zone 7, Zone 8 and Seminar on women's health care / other women related subjects)
Sr. Deepa Manu Kadavan
Kallarackal Kadavil (H),
Pallippuram P.O. Cherthala - 688541. ☎ : 9388131084

28 Youth Representative - 1
(Monitoring & promotion of youth activities of Zone 1, 2, 3, 4 and promoting Seminar on Exam Fever / Career Guidance / Anti-Drug Awareness etc)
Br. Alen K Paul. Karingen H,
Naduvattom P.O., 683574,
Malayatoor ☎ : 9207029452

29 Youth Representative - 2
(Monitoring & promotion of youth activities of Zone 5,6,7,8 and promotion of junior members from catechism)
Br. Philip Mathew. Panachipuram H, K K Road, KKRRA -87,
Chembumukku, Kochi 682021
☎ : 7293939360

## പുതിയ കോൺഫ്രൻസ് പ്രസിഡന്റുമാർ



**വൈക്കം എ.സി. വെച്ചൂർ സെന്റ് ജോസഫ് (വനിത)**
സിസ്റ്റർ ജാൻസി സെബാസ്റ്റ്യൻ
വട്ടപ്പറമ്പ്, അമ്പിക മാർക്കറ്റ്
☎ : 8592993887



**മുട്ടം എ.സി. കുന്നുംപുറം സെന്റ് ജോസഫ് (വനിത)**
സിസ്റ്റർ സിജി ആന്റണി
കളപ്പുരക്കൽ, പട്ടണക്കാട്
പി.ഒ.- 688531
☎ : 9526584700



**മുട്ടം എ.സി. സെന്റ് മേരീസ്**
ബ്രദർ ഷാജു ജോസഫ്
മൈലോത്ത് ഹൗസ്, CMC 3,
ചേർത്തല പി.ഒ., - 688524
☎ : 9995555254



**തലയോലപ്പറമ്പ് എ.സി. വല്ലകം സെന്റ് മേരീസ്**
ബ്രദർ പ്രിൻസ് എം.ജെ.
മനക്കപ്പറമ്പിൽ, പടിഞ്ഞാറേക്കര പി.ഒ.,
വല്ലകം, കോട്ടയം - 686146
☎ : 9497333113



**കാഞ്ഞൂർ എ.സി. സെന്റ് മേരീസ്**
ബ്രദർ എം.ജി. സാബു
മണപ്പറമ്പിൽ, കാഞ്ഞൂർ - 683575
☎ : 9447871269



**പെരുമാന്നൂർ എ.സി. കൂവപ്പാടം ഇൻഫന്റ് ജീസസ്**
ബ്രദർ സാജൻ ജോസഫ്
പുരത്തൂർ, PT ജോസഫ് റോഡ്,
നസറത്ത്, കൊച്ചി - 682002
☎ : 9847422105



**പെരുമാന്നൂർ എ.സി. ലൂർദ്ദ് മാതാ**
ബ്രദർ ജോർജ് പി.ജെ.
പടന്നക്കൽ, ചക്കാലക്കൽ റോഡ്,
പെരുമാന്നൂർ, എറണാകുളം
☎ : 9496334705



**പെരുമാന്നൂർ എ.സി. കടവന്ത്ര സെന്റ് ജോസഫ്**
ബ്രദർ സാബു ജോസഫ്
തോട്ടുങ്കത്തറ, ശ്രീമുരുക ടെ
മ്പിൾ റോഡ്, കടവന്ത്ര - 682020
☎ : 9947243959

**"നിങ്ങൾ സൂക്ഷിച്ചു ജീവിച്ചു കൊള്ളുവിൻ.
കാരണം, പലരും വായിക്കുന്ന ബൈബിൾ നിങ്ങളാണ്"**
**(വി.ജോൺ പോൾ II)**

# AREA COUNCIL PRESIDENTS

Aluva AC - Br. Jobi John
Vazhachalil H, Alangad PO, Aluva-683511, Mob: 8590210330,9495210330

Angamaly AC - Br. Jaims Plakal
Plakal House, Chengamadu - 683578
Mob: 9447605110

Ernakulam City AC - Br. Joseph John
Mankoottathil House, Narakkal
Mob: 9495424872

Kanjoor AC - Br. P.V. Stephen
Painadath (H), Parappuram P.O,
Kanjoor – 683 575. Mob: 9847371916

Karukutty AC - Br. Shaju A.V.
Achinimadan (H), Azhakom P.O.,
Maniyamkuzhy, Ernakulam Dist.
PIN. 683 577, Mob: 7736018187

Kizhakkambalam AC -
Br. Jaison John
Thekanath House, Edathala P. O,
Pookattupady - 683562
Mob: 9847706363

Kokkamangalam AC - Br. Thankachan V Thottankara, Varanad.P.O, Cherthala.
Mob:9496657807

Koratty AC - Br. Jose K O
Kunnathuparambil (H), Valoor,
Cheruvaloor- 680 308.
Mob: 9544319602

Manjapra AC - Br. Biju Joseph
Madan House, Anappara P.O.,
Thavalapara. Mob: 9447812748

Meloor AC - Br. Jomon Varghese
Nettikadan (H), Meloor, Santhipuram,
Pin: 680 311, Mob: 9447870867

Malayattoor AC - Br. Joy Pullan
Pullan (H), Naduvattom P.O., 683574
Mob: 9656983212

Moozhikulam AC - Br. Babu George
Chitteth House m Kurumassery P.O.,
Pin:683579. Mob: 94462 16743

Muttom AC - Sr. Sybilla Jose Ponnezhath
CMC - 11, Cherthala P.O., Alappuzha dist., 688524. Mob : 9847200877

Paravoor AC - Br. Jobi P.V.
Pallath (H), Valiyapallamthuruth,
Chendamangalam. Mob: 9847348640.

Palarivattom AC - Br. Benny Cherian
Kureekkal House, P.R. A. F8, Chaithanya Lane, Thrikkakkara PO - 682021
Mob: 7025730483, 9847030483,

Pallipuram AC - Br. Sabu Chacko
Kariyil House, Pallippuram PO, Cherthala
Mob: 7560950275

Perumanoor AC - Br. K.M.Varghese
Kalathil (H), Konthuruthy, Kochi - 682013
Mob : 9388467547, 7902934275

Puthenpally AC - Br. Johnson K.P.
Koikkara (H), Olanad, Puthenpally,
Varapuzha P.O., Mob : 9495735628

Thalayolaparambu AC - Br. Thankachan P.I.
Pulickal house, Near Muthukulam
Anganavadi, Keezhoor P O - 686 605
Mob: 9633435001, 8089035001

Tripunithura AC - Br. P.P. Joy
Puthenpurackal (H)Tripunithura,
Pin: 682301. Mob: 9388639816

Thuravoor AC - Br. Jose A V
Arackal (H), Thabore PO, Mookkannoor-
Pin: 683 577. Mob: 9745451560

Vaikom AC - Br. Xavier John
Puthanangady, Veluthedath,
Pallipurathussery P.O, Vaikom - 686 606
Mob: 9447506988

Vallom AC - Br. Jose Paul
Parappuram (H), Ayyathupady,
Koovappady PO - 683544
Mob: 9447106805

Vyttila AC - Br. Saju Paul Palathingal
Palathingal(H), Kumbalam P.O., Kochi
Pin : 682506. Mob: 9446206723




സി.സി. ഭാരവാഹികൾ ബിഷപ്പ് ജോസഫ് പാംപ്ലാനിയെ സന്ദർശിച്ചു






പുതിയ സി.സി. പ്രസിഡന്റിന്റെയും
ബോർഡ് മെമ്പേഴ്സിന്റെയും സത്യപ്രതിജ്ഞ
ചടങ്ങിൽ നിന്നും











# പുതിയ സി.സി. പ്രസിഡന്റിന്റെയും ബോർഡ് മെമ്പേഴ്സിന്റെയും സത്യപ്രതിജ്ഞ ചടങ്ങിൽ നിന്നും

















